# ഇമാം ഖുമൈനി മകനു
# നല്കിയ അന്ത്യോപദേശം

വിവർത്തനം

**എ.കെ. അബ്ദുൽ മജീദ്**

ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്
അരീക്കോട് - 673 639

പ്രസാധകക്കുറിപ്പ്

ഇറാനില്‍ ഇസ്‌ലാമികമായ സാമൂഹിക മാറ്റത്തിനു നായകത്വം വഹിച്ച വിപ്ലവകാരിയും മത-രാഷ്ട്രീയ വ്യക്തിത്വവുമായിട്ടാണ് ഇമാം ആയത്തുല്ലാ റൂഹുല്ലാ ഖുമൈനി ലോകത്ത് വിശ്രുതനായിട്ടുള്ളത്. എന്നാല്‍, അദ്ദേഹത്തിന്റെ ബഹുമാന വ്യക്തിത്വത്തില്‍ ഏറ്റവും പ്രമുഖമായത് ആദ്ധ്യാത്മിക മാനമാണെന്ന് ആ ജീവിതവും ചിന്തയും ഉറ്റുഗ്രഹിക്കാന്‍ ശ്രമിച്ചിട്ടുള്ളവര്‍ക്കറിയാം. ഖുമൈനിയുടെ ആദ്ധ്യാത്മിക മനസ്സായിരുന്നു അദ്ദേഹത്തിന്റെ വിപ്ലവചിന്തയുടെയും രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക നിലാപാടുകളുടെയുമെല്ലാം അടിസ്ഥാനമായി പ്രവര്‍ത്തിച്ചിരുന്നത്.

മുന്‍ സോവ്യറ്റ് പ്രസിഡണ്ട് മിക്കായേല്‍ ഗോര്‍ബച്ചേവിന് ഖുമൈനി അയച്ച കത്ത് പ്രസിദ്ധമാണ്. തത്ത്വചിന്തകനായ മുല്ലാ സദ്റയുടെയും സൂഫി ചിന്തകരായ ഇബ്നു അറബി, സുഹ്രവര്‍ദി എന്നിവരുടെയും അധ്യാപനങ്ങളുമായി പരിചയപ്പെടാനാണ് ഖുമൈനി തന്റെ കത്തില്‍ ഗോര്‍ബച്ചേവിനെ ഉപദേശിച്ചത്. ഒട്ടേറെ സന്ദേശങ്ങളും പ്രഭാഷണങ്ങളും രചനകളും ഖുമൈനിയുടെതായി പുസ്തകരൂപത്തില്‍ പ്രസിദ്ധീകൃതമായിട്ടുണ്ട്. അദ്ദേഹത്തിന്റെ അന്ത്യമൊഴി ഉള്‍പ്പെടെ. അവയില്‍ മിക്കതും അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക മനസ്സിന്റെ പ്രകാശനങ്ങളാണ്. 'അനുരാഗനൗക' (സബൂയെ ഇശ്ഖ്) എന്ന കവിതാ സമാഹാരം ഖുമൈനി പ്രസിദ്ധ സൂഫിയും രക്തസാക്ഷിയുമായ ഹല്ലാജിന്റെ തപ്തഹൃദയം ഉള്‍ക്കൊള്ളുകയും അനുഭവിച്ചറിയുകയും ചെയ്തതായി കാണിക്കുന്നു. പക്ഷെ, ഹല്ലാജിനെ കല്ലെറിഞ്ഞ ശരീഅത്തുവാദികള്‍ക്കും ഭരണകൂടത്തിനും ഖുമൈനിയുടെ മേല്‍ ഒരു തരി പൂഴി പോലും എടുത്തിടാനാവില്ല. കാരണം, ഖുമൈനി ശരീഅത്ത് മുറുകെ പിടിക്കുകയും അത് പാലിക്കുകയും അതിന്റെ ശരിയായ പ്രയോഗത്തിനുവേണ്ടി ഭരണകൂടം സ്ഥാപിക്കുകയും ചെയ്ത വ്യക്തിയാണ്. അഞ്ച് വാല്യങ്ങളിലായി 2500 പുറമുള്ള 'കിത്താബുല്‍ ബൈഉം' (വ്യാപാര വാണിജ്യ ഇടപാടുകളുടെ മതവിധികള്‍ വിവരിക്കുന്ന ഗ്രന്ഥം) 'തൗളീഹുല്‍ മസാഇല്‍' എന്ന കര്‍മ ശാസ്ത്ര ഗ്രന്ഥവും എഴുതിയ ശരീഅത്ത് പണ്ഡിതനാ (ഫഖീഹ്)ണദ്ദേഹം.

ലൗകികമായ നിലവാരത്തില്‍ നിന്നുയര്‍ന്ന് ആദ്ധ്യാത്മികമായ മണ്ഡലങ്ങളിലൂടെയുള്ള മനുഷ്യന്റെ യാത്രയ്ക്കു നാലു ഘട്ടങ്ങളുള്ളതായി മുല്ലാ സദ്റ രേഖപ്പെടുത്തിയിട്ടുണ്ട്: ദൈവത്തോടൊപ്പം ദൈവത്തിലേയ്ക്കുള്ള യാത്ര; ദൈവത്തോടൊപ്പം ദൈവത്തിലൂടെയുള്ള യാത്ര; ദൈവത്തില്‍ നിന്ന് ദൈവത്തോടൊപ്പം പദാര്‍ത്ഥലോകത്തിലേയ്ക്കുള്ള മടക്കയാത്ര; ദൈവത്തോടൊപ്പം പദാര്‍ത്ഥലോകത്തിലൂടെയുള്ള യാത്ര. ആദ്യത്തെ മൂന്നു ഘട്ടങ്ങളിലും ചുറ്റുപാടുകളില്‍നിന്ന് ഒറ്റപ്പെടാന്‍ കഴിയേണ്ടിവരും. അവസാനത്തേത് സമൂഹത്തില്‍ ജീവിക്കുകയാണ്. സമൂഹത്തില്‍നിന്ന് ആദ്ധ്യാത്മികതയുടെ ഉച്ചിയിലേയ്ക്കുയര്‍ന്ന ജ്ഞാനിക്ക് അവിടെ അനുഭവിക്കുന്ന അവസ്ഥ വിട്ട് സമൂഹത്തിലേയ്ക്കു വീണ്ടും തിരിച്ചുവരാനായില്ല. പ്രവാചകന് അത് സാധിക്കും. ഇഖ്ബാല്‍ അദ്ദേഹത്തിന്റെ 'റി-കണ്‍സ്ട്രക്ഷന്‍ ഓഫ് റിലിജിയസ് തോട്ട്സി'ല്‍ പ്രസിദ്ധ മുസ്‌ലിം പുണ്യവാളായ അബ്ദുല്‍ ഖുദ്ദൂസ് ഗംഗൂഹിയെ ഉദ്ധരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: ''മുഹമ്മദ് അത്യുന്നതമായ വാനലോകത്തേയ്ക്കുയര്‍ന്നിട്ട് (മിഅ്റാജ്) അവിടെനിന്നു വീണ്ടും മടങ്ങിപ്പോന്നു. സത്യം പറയുകയാണ്, അത് ഞാനായിരുന്നെങ്കില്‍ ഒരിക്കലും മടങ്ങുകയില്ലായിരുന്നു.''

ഇവിടെയാണ് ഖുമൈനിയുടെ സവിശേഷത. അദ്ദേഹം ആദ്ധ്യാത്മിക മണ്ഡലത്തില്‍ ഹല്ലാജിനോളം ഉയര്‍ന്നിട്ടും സമൂഹത്തില്‍ തിരിച്ചെത്തി അതിനെ നേര്‍വഴിക്കു നയിച്ചു. അദ്ദേഹം ദൈവത്തോടൊപ്പം സമൂഹത്തിലൂടെ നടന്നു. ഇത് പ്രവാചകനെപ്പോലെ ചുരുക്കം പേര്‍ക്കേ കഴിയൂ. ഖുമൈനി ഒരിക്കലും ഒരു പ്രവാചകനല്ല. പ്രസിദ്ധ കവി ഗ്രാമി ഇഖ്ബാലിനെക്കുറിച്ചു പറഞ്ഞത്, അദ്ദേഹത്തേയ്ക്കാള്‍ ഖുമൈനിക്കു ചേരുന്നു: ''അദ്ദേഹം പ്രവാചകനാണെന്നു പറഞ്ഞുകൂടാ. എന്നാല്‍ പ്രവാചകന്റെ ജോലി അദ്ദേഹം ചെയ്തിട്ടുണ്ട്'' (പീഗമ്പറി കര്‍ദ് വ പീഗമ്പര്‍ നതവാന്‍ ഗുഫ്ത്ത്).

ഖുമൈനി പുത്രന്‍ അഹ്‌മദിനു നല്കിയ അന്ത്യോപദേശമാണ് ഈ ലഘുകൃതി. രണ്ട് ആണ്‍ സന്തതികളാണ് ഖുമൈനിക്കുണ്ടായത്. മൂത്തത് മുസ്തഫ. അദ്ദേഹത്തെ 1977ല്‍ ഇറാഖിലെ നജഫില്‍ വെച്ച് ഇറാനിലെ റിസാപഹ്‌ലവിയുടെ രഹസ്യപോലീസുകാര്‍ വധിച്ചു. രണ്ടാമത്തെ പുത്രനാണ് അഹ്‌മദ്. മുസ്തഫയെപ്പോലെ അഹ്‌മദും ഹുജ്ജത്തുല്‍ ഇസ്‌ലാം എന്ന മതബിരുദമുള്ള പണ്ഡിതനായിരുന്നു. ഖുമൈനിയുടെ മരണശേഷം ആറ് വര്‍ഷത്തോളമേ അഹ്‌മദ് ജീവിച്ചിരുന്നുള്ളു. ഹൃദ്രോഗവും മസ്തിഷ്ക്കരോഗവും ഒരുമിച്ച് ബാധിച്ച് 1995 മാര്‍ച്ച് 17ന് ടെഹ്റാനിലെ ബഖിയ്യത്തുല്ലാ ആശുപത്രിയില്‍ വെച്ച് അദ്ദേഹം അന്തരിച്ചു. മരിക്കുമ്പോള്‍ 50 വയസ്സുണ്ടായിരുന്നു. 1945 മാര്‍ച്ച് 15ന് ഇറാനിലെ പ്രസിദ്ധ നഗരമായ ഖുമ്മിലായിരുന്നു അഹ്‌മദിന്റെ ജനനം. പിതാവിനു പുറമെ, ആയത്തുല്ലാ സുല്‍ത്താനി, ആയത്തുല്ലാ ഹാജ് മൂര്‍ത്തസാ ഹായിരി, ആയത്തുല്ലാ ഹാജ് ആഖാ മൂസവി ശുബൈരി സഞ്ചാനി എന്നിവരില്‍ നിന്ന് വിവിധ വിജ്ഞാനശാഖകളില്‍ പാണ്ഡിത്യം ആര്‍ജിച്ച അഹ്‌മദ് ഇറാഖിലെ മതകേന്ദ്രമായ നജഫിലെ മതപണ്ഡിത സഭയില്‍ അംഗമായിരുന്നിട്ടുണ്ട്. ഖുമൈനി നജഫില്‍ വിപ്രവാസത്തിലായിരുന്നപ്പോള്‍ അഹ്‌മദ് അങ്ങോട്ടുപോയി. ജ്യേഷ്ഠന്‍ മുസ്തഫ കൊല്ലപ്പെടുകയും ഷായുടെ പോലീസുകാര്‍ തന്നെ വേട്ടയാടിക്കൊണ്ടിരിക്കുകയും ചെയ്ത പശ്ചാത്തലത്തിലായിരുന്നു അഹ്‌മദിന്റെ നജഫ് യാത്ര. അതിനുശേഷം പിതാവിന്റെ

എല്ലാ പ്രവർത്തനങ്ങളിലും പരീക്ഷണങ്ങളിലും കഷ്ടപ്പാടുകളിലും വിജയങ്ങളിലും അഹ്മദും ഭാഗ ഭാക്കായിരുന്നു. വിപ്ലവത്തിലും ശേഷം ഇസ്‌ലാമിക് റിപ്പബ്ലിക്കിലും അഹ്മദിന്റെ പങ്ക് എന്തായി രുന്നു എന്ന ചോദ്യത്തിന് ഖുമൈനിയുടെ സഹായി എന്നാണുത്തരം. ഇറാൻകാർ രണ്ടാം ഇസ്‌ലാ മിക വിപ്ലവം എന്നു വിശേഷിപ്പിക്കുന്നതാണ് ടെഹ്റാനിലെ അമേരിക്കൻ എമ്പസി യൂനിവേഴ്സിറ്റി വിദ്യാർത്ഥികൾ ഉപരോധിച്ച സംഭവം. വിപ്ലവത്തെ അമേരിക്ക തകർക്കുന്നതിൽ നിന്ന് രക്ഷിച്ചത് പ്രസ്തുത സംഭവമാണ്. അഹ്മദിയായിരുന്നു അതിന്റെ നേതൃത്വം.

ഇങ്ങനെയൊക്കെയാണെങ്കിലും അഹ്മദ് ഔദ്യോഗികമായ എന്തെങ്കിലും സ്ഥാനം അലങ്കരിക്കു കയോ അതിനുവേണ്ടി മോഹിക്കുകയോ ചെയ്തില്ല. അദ്ദേഹത്തിന്റെ പിതാവ് അതിനെതിരുമായിരു ന്നു. വിപ്ലവ ഇറാന്റെ ആദ്യ പ്രസിഡണ്ട് ബനീസദർ അഹ്മദിനെ തന്റെ പ്രധാനമന്ത്രിയാക്കാൻ ഖുമൈനിയോട് അപേക്ഷിക്കുകയുണ്ടായി. പക്ഷേ, അദ്ദേഹം അതിനെ നിരുത്സാഹപ്പെടുത്തി. അഹ്മദ് ഔദ്യോഗിക പദവികളില്ലാതെ തന്നെ ഇസ്‌ലാമിനെയും സമൂഹത്തെയും രാഷ്ട്രത്തെയും സേവിക്കട്ടെ എന്നായിരുന്നു ഖുമൈനിയുടെ പ്രതികരണം. തന്റെ ജീവിതകാലത്ത് സാമ്പത്തിക മായും അഹ്മദ് യാതൊന്നും നേടിയില്ല. സ്വമാതാവിനെയും ഭാര്യ ഫാത്തിമി, പുത്രന്മാരായ ഹസൻ, യാസിർ, അലി എന്നിവരെയും വിട്ടാണ് അദ്ദേഹം അന്തരിച്ചത്. പിതാവിന്റെ ഗ്രന്ഥങ്ങൾ വിറ്റ് കിട്ടുന്ന പണത്തിൽനിന്ന് ചെലവ് നടത്തിക്കൊള്ളാനാണ് തന്റെ അന്ത്യമൊഴിയിൽ അദ്ദേഹം കുടുംബത്തെ ഉപദേശിച്ചിട്ടുള്ളത്.

അഹ്മദിനുള്ള ഈ അന്ത്യോപദേശവും തന്റെ ഉന്നതമായ ആദ്ധ്യാത്മിക നിലയിൽ നിന്നുകൊ ണ്ടാണ് ഖുമൈനി നല്കുന്നത്. മതപണ്ഡിതനും മതസേവകനുമായ തന്റെ പുത്രനിൽ ആദ്ധ്യാത്മിക തയുടെ കൊടുമുടി കയറുന്നതിനുള്ള അഭിനിവേശം വളർത്താനാണ് അദ്ദേഹമിതിൽ ശ്രമിച്ചിട്ടുള്ള ത്. ആത്മീയയാത്രയിലൂടെ ഉയർന്ന ആദ്ധ്യാത്മിക തലത്തിലെത്താൻ ആഗ്രഹിക്കുന്ന ആർക്കും ഖുമൈനിയുടെ ഈ ഉപദേശവചസ്സുകൾ ഫലപ്രദമായിരിക്കും. 1982 ഏപ്രിൽ 18നാണ് ഈ മൊഴി എഴുതിയത്. 1992ലേ ഇത് പ്രസിദ്ധപ്പെടുത്തിയുള്ളൂ. അതായത്, ഖുമൈനി നിര്യാതനായി മൂന്നു വർഷം കഴിഞ്ഞ്. മലയാള മൊഴിമാറ്റത്തിനാധാരം ടെഹ്റാനിലെ 'അഹ്ലുബൈത്ത് വേൾഡ് അസംബ്ലി' പ്രസിദ്ധപ്പെടുത്തുന്ന 'റിലാസത്തുസ്സഖലൈനി' (1994 ഒക്ടോബർ ലക്കം)യിൽ വന്ന ഇംഗ്ലീഷ് ഭാഷ്യമാണ്.

ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്

1995 ഒക്ടോബർ 5.

ദയാപരനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. സർവസ്തുതിയും വിശ്വങ്ങളുടെ നാഥനായ അല്ലാഹുവിന്. തിരുദൂതർ മുഹമ്മദിന്റേയും അവിടുത്തെ തിരു കുടുംബത്തിന്റേയും മേൽ ശാന്തിയും ദൈവാനുഗ്രഹങ്ങളും ഉണ്ടായിരിക്കട്ടെ. അവിടുത്തെ ശത്രുക്കളിൽ ദൈവകോപവും.

അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനാണ്. അവനു പങ്കുകാരില്ല. മുഹമ്മദ് അവന്റെ ദാസനും ദൂതനുമാണെന്നും അലി വിശ്വാസികളുടെ നേതാവാണെന്നും പാപവിമുക്തരായ ഇമാമുകൾ അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവർക്കെല്ലാം ദൈവാനുഗ്രഹങ്ങൾ ലഭിക്കുമാറാകട്ടെ. ദൈവദൂതൻ കൊണ്ടുവന്നതെല്ലാം സത്യമാണ്. കുഴിമാടം, പുനരുജ്ജീവനം, സ്വർഗ്ഗം, നരകം എല്ലാം സത്യം. മരിച്ചവരെ ദൈവം അവരുടെ കുഴിമാടങ്ങളിൽ നിന്നു പുനരെഴുന്നേൽപ്പിക്കും.

കാരുണ്യവാനായ രക്ഷിതാവിന്റെ മാർഗ്ഗത്തിൽ ആത്മാർത്ഥമായ ചുവടുകൾ വെക്കാതെയും വരാനിരിക്കുന്ന അനശ്വരജീവിതത്തിനു വേണ്ടി ഒരുക്കങ്ങൾ ചെയ്യാതെയും ജീവിതം പൊങ്ങച്ചത്തിൽ കഴിച്ച്, ശരീരനിബദ്ധമായ ആത്മാവിന്റെ വികാരദൗർബല്യങ്ങളിൽ നിന്നു പൈശാചിക പ്രലോഭനങ്ങളുടെ ബന്ധനത്തിൽ നിന്നും പൂർണ്ണമായി മുക്തി നേടിയിട്ടില്ലാത്ത ഒരു വൃദ്ധപിതാവിന്റെ ഒടുവിലത്തെ മൊഴിയാണിത്. എങ്കിലും അത്യുദാരനായ രക്ഷിതാവിന്റെ കൃപയെയും ദാക്ഷിണ്യത്തെയും സംബന്ധിച്ചു നിരാശനല്ല അയാൾ. ദൈവിക കാരുണ്യത്തിൽ അയാൾക്കു പ്രതീക്ഷയുണ്ട്. തന്റെ യാത്രയിലെ ഒരേയൊരു പാഥേയവും അതാണ്. നിറയൗവ്വനത്തിന്റെ അനുഗ്രഹം കൈമുതലായുള്ള, ആത്മശുദ്ധീകരണത്തിനും ദൈവത്തിന്റെ സൃഷ്ടി ജാലങ്ങൾക്കു സേവനം ചെയ്യുന്നതിനും കുറേക്കൂടി അനുയോജ്യമായ നിലയിൽ കഴിയുന്ന മകനു വേണ്ടിയാണിതു കുറിക്കുന്നത്. അവന്റെ വൃദ്ധനായ പിതാവ് അവനെ തൃപ്തിപ്പെട്ടതുപോലെ ദൈവവും അവനെ തൃപ്തിപ്പെടുമെന്നും രാജ്യത്തിന്റെ അമൂല്യ സ്വത്തായ ദുർബല വിഭാഗങ്ങളെ സേവിക്കാൻ അവനു ഉതവി നൽകുമെന്നും പ്രതീക്ഷിക്കുന്നു.

മകനേ, അഹ്മദ്!

ദൈവം നിന്നെ മാർഗദർശനം ചെയ്യട്ടെ. ലോകം നശ്വരമായാലും അനശ്വരമായാലും ഉണ്മയുടെ ശൃംഖലകൾ നിർണിതമായാലും അനന്തമായാലും സകലം പരാശ്രിതമാണ്.[1] ഉണ്മകളുടെ അനന്തമായ പരമ്പരകളെ നീ ധിഷണയുടെ വെട്ടത്തിൽ നോക്കുകയാണെങ്കിൽ അനിവാര്യമായ ആശ്രിതത്വത്തിന്റേയും അപൂർണ്ണതയുടേയും ക്രന്ദനം നിനക്കു കേൾക്കുമാറാകും. ഉണ്മയിലെന്ന പോലെ പരിപൂർണ്ണതകളിലും ഈ പരാശ്രിതത്വവും അപൂർണ്ണതയും ദൃശ്യമാണ്. പരിപൂർണ്ണതയുടെ ഗുണവിശേഷങ്ങളുടെയെല്ലാം ഉടമയായ സ്വയം നിലനില്പുള്ള ഒന്നിൻമേലുള്ള പ്രകടമായ ആശ്രിതത്വമാണത്.

പരാശ്രിതമായ ഉണ്മകളുടെ പരമ്പരകളോടു നീ ധിഷണയുടെ ശബ്ദത്തിൽ ഇങ്ങനെ ചോദിക്കുന്നുവെന്നു കരുതുക: ''ആവശ്യങ്ങളുള്ള ഉണ്മകളേ, നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ കെല്പുറ്റവൻ ആരാണ്?'' തങ്ങളുടെ സ്വത്വപ്രകൃതി (ഫിത്റഃ)യുടെ ഫലമെന്നോളണം അവയെല്ലാം ഏകസ്വരത്തിൽ വിളിച്ചുപറയും: ''അസ്തിത്വത്തിലും പരിപൂർണ്ണതയിലും ഞങ്ങളെപ്പോലെ പരാശ്രിതമല്ലാത്ത ഒരുണ്മയെയാണ് ഞങ്ങൾക്കാവശ്യം.'' ഇങ്ങനെ വിളിച്ചു പറയാൻ പ്രേരിപ്പിക്കുന്ന

[1] നിസ്വൻ എന്നർത്ഥമുള്ള ഫഖീർ എന്നാണ് മൂലം. ആവശ്യങ്ങളുള്ള ഉണ്മകൾ പരാശ്രിതമാകുന്നു.

ഫിത്വ്റഃ പോലും യഥാർത്ഥത്തിൽ ഈ പരാശ്രിത ഉണ്മകളുടെ സ്വന്തമല്ല എന്നതാണ് എല്ലാറ്റിനും ഉപരിയായ വസ്തുത.

അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ള മൂലപ്രകൃതി. ദൈവത്തിന്റെ സൃഷ്ടിയിൽ മാറ്റമേതുമില്ല. (വി.ഖു. 30:30)

സ്വത്വപ്രകൃതി (ഫിത്വ്റഃ)യുടെ ഏകത്വം (തൗഹീദ്) അല്ലാഹുവിൽ നിന്നുള്ളതാണ്. സത്തയിൽ തന്നെ പരാശ്രിതമായത് (ഫഖീർ ബിദ്ദാത്) സ്വയം പര്യാപ്ത (ഗനിയ്യുൻ ബിദ്ദാത്) മാവുകയുമില്ല. അങ്ങനെയൊരു മാറ്റം അസംഭവ്യമാണ്. അവ അനിവാര്യമായും പരാശ്രിതവും അ പൂർണ്ണവുമാക യാൽ സ്വയം സമ്പൂർണ്ണനായ ദൈവത്തിനു മാത്രമേ പരാശ്രിത ഉണ്മകളുടെ ആവശ്യങ്ങൾ നിറവേ റ്റാനും ഇല്ലായ്മയെ ദൂരീകരിക്കാനും സാധിക്കൂ. അവയെ സംബന്ധിച്ചിടത്തോളം ഈ ഇല്ലായ്മ സഹജവും അവസാനമില്ലാത്തതുമാണ്. ഉണ്മയുടെ പരമ്പര അനാദി (അബദി)യായാലും അനന്തമാ യാലും ദൈവത്തിനല്ലാതെ അവയുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാനാവില്ല. സൃഷ്ടികളുടെ സൗന്ദര്യവും പൂർണ്ണതയുമൊന്നും അവയുടെ സ്വന്തമല്ല; പ്രത്യുത, ദൈവത്തിന്റെ സൗന്ദര്യത്തി ന്റേയും പരിപൂർണ്ണതയുടേയും പ്രാദുർഭാവം മാത്രമാണ്.

...നീ എറിഞ്ഞപ്പോൾ യഥാർത്ഥത്തിൽ എറിഞ്ഞത് നീയല്ല. മറിച്ചു, ദൈവമാണെറിഞ്ഞത് (വി.ഖു. 8:17).

ഓരോ അനക്കത്തേയും വാക്കിനേയും പ്രവൃത്തിയേയും സംബന്ധിച്ച് ഇതു സത്യമാണ്. ഈ സത്യം ഗ്രഹിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നവർ ദൈവത്തോടല്ലാതെ മറ്റാരോടും ബന്ധം സ്ഥാപിക്കുകയോ അവനോടല്ലാതെ ആരോടും അർഥിക്കുകയോ ചെയ്യില്ല. നീ നിന്റെ ഏകാന്തത യിൽ ഈ ദിവ്യപ്രകാശ സരസ്സിൽ ഊളിയിടാൻ ശ്രമിക്കുക. നിന്റെ ഹൃദയ ശിശുവിനോട് അതു തന്നെ മന്ത്രിച്ചു കൊണ്ടേയിരിക്കുക; അതിന്റെ നാവ് സംസാരിക്കാൻ തുടങ്ങുകയും അതിന്റെ പ്രകാ ശകിരങ്ങൾ നിന്റെ ഉണ്മയുടെ ശാരീരികവും (മുൽകി) ആത്മീയവു (മലകൂതി)മായ മേഖലകളെ വെളിച്ചമണിയിക്കുകയും ചെയ്യുന്നതുവരെ. നിശ്ശേഷം സ്വയം പര്യാപ്തനായ ഏകദൈവവുമായി ബന്ധം സ്ഥാപിച്ചുകഴിഞ്ഞാൽ അവനല്ലാതെ മറ്റൊന്നും നിനക്ക് ആവശ്യമില്ലാതെയാവും. അവന്റെ സാമീപ്യം കരസ്ഥമാക്കുക. എങ്കിൽ നിന്നെയവൻ നിന്റെ സ്വത്വമടക്കമുള്ള സകലതിൽ നിന്നും വിമുക്തനാക്കുകയും അവന്റെ സാന്നിധ്യത്തിലേക്കു നിന്നെ വരവേൽക്കുകയും നിന്റെ പ്രവേശ ത്തിന് അനുമതി നൽകുകയും ചെയ്യും.

മകനേ, ദൈവം പരിശുദ്ധനും മഹാനുമാകുന്നു. അവൻ ആദ്യനും അന്ത്യനും പ്രത്യക്ഷനും പരോക്ഷനുമാകുന്നു (വി.ഖു. 57:3).

(ദൈവമേ) നിന്നെപ്പോലെ സ്വയം വെളിപ്പെടാതെ വെളിപ്പെടാൻ മറ്റെന്തിനാണു സാധിക്കുക! നിനക്ക് സ്വയം വെളിപ്പെടാൻ മറ്റെന്തെങ്കിലും ആവശ്യമായിത്തീരും വിധം നീ മറഞ്ഞിരിക്കുകയോ? നിന്റെ പ്രഭാവങ്ങളിലൂടെ നിന്നെ സമീപിക്കേണ്ടി വരുമാർ നീ അകലെയായിരിക്കുന്നതെപ്പോഴാണ്? നിന്റെ അഭിവീക്ഷണത്തിനു സദാ വിധേയമാണെന്നു മനസ്സിലാക്കാത്ത ദൃഷ്ടി അന്ധം തന്നെ.[2]

(ദൈവമേ) നിന്നെ ഞാൻ കാണാൻ ആഗ്രഹിക്കേണ്ട വിധം അപ്രത്യക്ഷനല്ല നീ. നിന്നെ അന്വേ ഷിച്ചു നടക്കാൻ എന്നെ നിർബന്ധിതനാക്കുമാർ ഗോപ്യനുമല്ല.[3]

അവൻ പ്രത്യക്ഷനാണ്. പ്രത്യക്ഷമായതെല്ലാം അവന്റെ പ്രത്യക്ഷവൽക്കരണവുമാണ്. നാം തന്നെ യാണ് നമുക്ക് മറയാവുന്നത്. നമ്മുടെ അഹന്ത നമ്മുടെ കാഴ്ചക്ക് തിരശ്ശീലയിടുന്നു.

നീ തന്നെ നിന്റെ മറ. ഹേ ഹാഫിസ്, നീ നിന്നെത്തന്നെ വിസ്മരിക്കുക.[4]

---

[2] അറഫാദിനത്തിൽ ഇമാം ഹുസൈന്റെ പ്രാർത്ഥന. ശൈഖ് അബ്ബാസ് അൽ ഖുമ്മിയുടെ 'മഫാതീ ഹുൽ ജിനാൻ' നോക്കുക.
[3] ഫുറൂഗി ബുസ്താമി, ദീവാനെ ഫുറൂഗി ബുസ്താമി.

[4] ഹാഫിസ്, ദീവാനെ ഹാഫിസ്.

മഹാനായ ദൈവത്തിൽ ഞാനഭയം തേടുന്നു. എല്ലാ മറകളും നീക്കിത്തരാൻ ഞാനവിടുത്തോടു താഴ്മയോടെ അപേക്ഷിക്കുന്നു.

എന്റെ ദൈവമേ, എന്നെ സമ്പൂർണ്ണമായി നിനക്കു സമർപ്പിക്കാൻ പ്രാപ്തനാക്കുക. ഞങ്ങളുടെ ഹൃദയനേത്രങ്ങളെ നിന്റെ ദർശനത്തിന്റെ പ്രഭകൊണ്ടു ദീപ്തമാക്കുക. അങ്ങനെ ഹൃദയങ്ങളുടെ കാഴ്ച പ്രകാശത്തിന്റെ മറകളെ തുളച്ചുകയറുകയും മഹത്വത്തിന്റെ  ഉറവിടം വരെ അതെത്തിച്ചേരുകയും ചെയ്യട്ടെ. ഞങ്ങളുടെ ആത്മാക്കൾ നിന്റെ പരിശുദ്ധിയുടെ ഉമ്മറപ്പടിയിൽ നങ്കൂരമടിക്കട്ടെ. എന്റെ ദൈവമേ, നീ വിളിക്കുമ്പോൾ ഉത്തരം ചെയ്യുകയും നീ കടാക്ഷിക്കുമ്പോൾ നിന്റെ മഹത്വത്തിനു മുമ്പിൽ മോഹാലസ്യപ്പെടുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽ എന്നെ ഉൾപ്പെടുത്തിയാലും.[5]

മകനേ,

നാമൊക്കെ ഇരുളിന്റെ മറകൾക്കകത്തെ തടവുകാരാണ്. പ്രകാശത്തിന്റെ മറകൾ അതിനപ്പുറമുണ്ട്. കാഴ്ചകൾ മൂടപ്പെട്ട നാം വഴിക്കുരുക്കിൽ അകപ്പെട്ടിരിക്കുകയാണ്.

മകനേ,

ആത്മീയാന്വേഷണങ്ങളിൽ താല്പരനല്ല നീയെങ്കിൽ ചുരുങ്ങിയ പക്ഷം ആധ്യാത്മിക സ്ഥാനങ്ങളെ നിഷേധിക്കാതിരിക്കുകയെങ്കിലും ചെയ്യുക. മാനവികവും ആത്മീയവുമായ ഉന്നതസ്ഥാനങ്ങളിലേക്കുയരുന്നതിൽ നിന്നു മനുഷ്യനെ തടയുന്ന പിശാചിന്റെ തന്ത്രങ്ങളിലൊന്നാണ് അല്ലാഹുവിലേക്കുള്ള ആത്മീയയാത്രകളെ നിഷേധിക്കാനും അതിനുമപ്പുറം അതിനെ അവഹേളിക്കാനും പ്രേരിപ്പിക്കുക എന്നത്. ആത്മീയാന്വേഷണങ്ങളോടു ശത്രുതയും എതിർപ്പും വെച്ചുപുലർത്തുന്നതിലേക്ക് ഇതു മനുഷ്യനെ നയിക്കുന്നു. മഹത്തുക്കളായ പ്രവാചകന്മാരുടേയും ഉന്നതരായ വലിയ്യുകളുടേയും മുഴുവൻ വേദഗ്രന്ഥങ്ങളുടേയും വിശിഷ്യാ മനുഷ്യരാശിയുടെ അനശ്വരഗ്രന്ഥമായ പരിശുദ്ധ ഖുർആന്റേയും ലക്ഷ്യങ്ങൾ വളർന്നു പന്തലിക്കുന്നതിനു മുമ്പേ തകർന്നടിയുകയാവും അതിന്റെ ഫലം.

ദൈവജ്ഞാന (മഅ്രിഫത്തുല്ലാഹ്) ത്തിന്റേയും ദൈവത്തിലേക്കുള്ള ആത്മീയ യാത്രയുടേയും ഗ്രന്ഥമായ വിശുദ്ധ ഖുർആനെ പ്രസ്തുത മാർഗ്ഗത്തെ കുറിച്ചജ്ഞരായവർ അവഗണിക്കുകയും ദുർവ്യാഖ്യാനം ചെയ്യുകയുണ്ടായി. ഇമാം കർശനമായി വിലക്കിയ തെറ്റിദ്ധാരണാജനകമായ കാഴ്ചപ്പാടുകൾക്കും സ്വേഛാനുസൃതമായ അഭിമതങ്ങൾക്കും അതിരയായി. ഒരോരുത്തനും അതിനെ അവനവന്റെ വികാര ദൗർബല്യങ്ങൾക്കനുസരിച്ചു വ്യാഖ്യാനിച്ചു ഏറ്റം തമോമയമായ പരിതോവസ്ഥയിലും ഏറ്റം പിന്നോക്കമായ ജനങ്ങൾ അധിപസിച്ചിരുന്ന കാലത്തുമാണ് മഹത്തായ ഈ ഗ്രന്ഥം അവതരിച്ചത്. അതേ സമൂഹത്തിൽ ജീവിച്ച ഒരു മനുഷ്യന്റെ ദിവ്യഹൃദയത്തിൽ. ലോകത്ത് മുമ്പുണ്ടായിരുന്നിട്ടില്ലാത്ത സത്യങ്ങളും അധ്യാപനങ്ങളും ഈ ഗ്രന്ഥത്തിലുണ്ട്. അവതീർണ്ണമായ പരിതസ്ഥിതി വെച്ചുനോക്കുമ്പോൾ ഇതുതന്നെയാണ് അതിന്റെ ഏറ്റവും വലുതും ഉന്നതവുമായ അത്ഭുതം. യവന തത്വചിന്തയിലോ അക്കാലത്തെ ഏറ്റവും വലിയ ദാർശനികരായറിയപ്പെട്ടിരുന്ന അരിസ്റ്റോട്ടിലിന്റേയും പ്ലാറ്റോയുടേയും കൃതികളിലോ കാണാത്ത ഉന്നതമായ ആത്മീയാശയങ്ങൾ അതുൾക്കൊള്ളുന്നുണ്ട്. വിശുദ്ധ ഖുർആന്റെ മടിത്തട്ടിൽ വളരുകയും അതിൽനിന്നു മുതലെടുക്കുകയും ചെയ്ത മുസ്‌ലിം തത്വചിന്തകന്മാർ പോലും സർവ ഉണ്മകളുടേയും ജീവിത സ്വഭാവത്തെ കുറിച്ചു വ്യക്തമായി പ്രസ്താവിക്കുന്ന ഖുർആൻ സൂക്തങ്ങളെ വ്യാഖ്യാനിച്ചു തള്ളി. അത്തരം പ്രസ്താവനകളെ ബലപ്പെടുത്തുന്നവരായ വലിയ ആത്മീയവാദികളും സ്വന്തം ഭാവനകൾക്കിണങ്ങിയ മട്ടിൽ വ്യാഖ്യാനങ്ങൾ ചമച്ചു. ഖുർആനിലുള്ളതിനു സമാനമായ ആത്മീയ പ്രതിപാദ്യങ്ങൾ മറ്റൊരു ഗ്രന്ഥത്തിലുമില്ല. ഉണ്മയുടെ നിഗൂഢതകൾ തനിക്കു വെളിപ്പെടുത്തിത്തന്ന വെളിപാടിന്റെ സ്രോതസ്സുമായി നേരിട്ടു ബന്ധം സ്ഥാപിക്കുകയും മനുഷ്യപൂർണ്ണതയുടെ ഉച്ചിയിൽ നിന്നുകൊണ്ടു യാഥാർത്ഥ്യങ്ങൾ മറകൂടാതെ കാണുകയും ചെയ്ത പ്രവാചക പ്രഭുവിന്റെ അത്ഭുതങ്ങൾ. എന്നാൽ അതേസമയം  തന്നെ മാനവികതയുടെ സകലഭാവങ്ങളിലും തുറകളിലും പ്രവാചകൻ സന്നിഹിതനുമായിരുന്നു. ''ആദ്യനും അന്ത്യനും പ്രത്യക്ഷനും പരോക്ഷനുമായ'' ദൈവത്തിന്റെ ഉന്നതമായ ഒരു പ്രതിഫലനം എന്നപോലെ. അങ്ങനെയുള്ള പൂർണ്ണത എല്ലാ മനുഷ്യനും കൈവരിക്കണമെന്ന് അദ്ദേഹം അഭിലഷിച്ചു. അത്തരമൊരു നില കൈവരിക്കുന്നതിൽ അവർക്കു സംഭവിച്ച പരാജയം അദ്ദേഹത്തെ ദുഃഖചിത്തനാക്കി.

---

[5] അല്ലാമാ മജ്‌ലിസി, ബിഹാറുൽ അൻവാർ, വാ. 91, പേ.99

ത്വാഹാ, താങ്കൾ അസ്വസ്ഥ ചിത്തനാവുന്നതിനുവേണ്ടിയല്ല നാം ഈ ഗ്രന്ഥം താങ്കൾക്കവതരിപ്പിച്ചു തന്നത്. (വി.ഖു. 20:1-2) എന്ന സൂക്തങ്ങൾ ഈ വസ്തുതയിലേക്കാണു വിരൽചൂണ്ടുന്നത്.

ഒരു പ്രവാചകനും എന്നോളം യാതനയനുഭവിച്ചിട്ടില്ല[6] എന്ന നബിവചനവും ഇതുതന്നെ സൂചിപ്പിക്കുന്നു.

മേൽപ്പറഞ്ഞ മഹോന്നത നില കൈവരിക്കുന്നവർ ഒരിക്കലും ജനങ്ങളിൽ നിന്നകന്ന് ഏകാന്തത തേടിപ്പോവുകയില്ല. വഴിതെറ്റിയവർക്കു വഴി കാണിച്ചുകൊടുക്കാനും ജനങ്ങൾക്കു സന്മാർഗ്ഗം പരിചയപ്പെടുത്താനും ദൈവിക പ്രാദുർഭാവങ്ങളുമായി അവരെ അടുപ്പിക്കാനുമാണ് അവർ ഉത്സാഹിക്കുക. അതിലവർ അമ്പേ പരാജയപ്പെട്ടാലും ശരി. ആത്മീയ സോപാനത്തിന്റെ ഏതാനും പടവുകൾ കയറി ജ്ഞാനചഷകത്തിൽ നിന്ന് ഒരിറക്ക് നുകരുമ്പോഴേക്കും മതിമറന്നു ബോധരഹിതരാവുന്നവർക്ക്, പ്രധാനപ്പെട്ട ചില പൂർണതകൾ സമാർജ്ജിക്കാൻ കഴിഞ്ഞാൽതന്നെയും, അന്തിമലക്ഷ്യത്തിലെത്താൻ സാധിക്കുകയില്ല. ദിവ്യപ്രകാശം ദർശിച്ചപ്പോൾ പ്രവാചകൻ മൂസാ(അ) തെല്ലിട മോഹാലസ്യപ്പെടുകയുണ്ടായി. പക്ഷേ ഉടനെതന്നെ അദ്ദേഹം അതിൽനിന്നു വിമുക്തി നേടുകയും ധർമ്മ നിർവ്വഹണത്തിന്റെ ഉത്തരവാദിത്തം ചുമലേൽക്കുകയും ചെയ്തു. ദൈവത്തിന്റെ അവസാനത്തെ സന്ദേശവാഹകനായ മുഹമ്മദ് മനുഷ്യനു പ്രാപിക്കാൻ കഴിയുന്ന ഭാവനാതീതമായ അത്യുന്നത ശൃംഗത്തിൽ എത്തുക വഴി അതിമഹത്തും സർവാന്തർ ഭൂതവുമായ ദൈവികനാമത്തിന്റെ പ്രകാശനമായിത്തീർന്നു. മൂടിപ്പുതച്ചവനേ, എഴുന്നേൽക്കൂ. മുന്നറിയിപ്പു നൽകൂ (വി.ഖു. 74:1,2) എന്ന ആജ്ഞയാൽ മാർഗദർശനത്തിന്റെ ചുമതല ഏല്പിക്കപ്പെടുകയും ചെയ്തു.

മകനേ,

ഞാൻ സൂചിപ്പിക്കുന്നതെന്തെന്നാൽ - ഞാൻ സ്വയം ഒന്നുമല്ല എങ്കിൽ തന്നെയും - ആത്മീയ യാത്രയിൽ നീ എവിടെയും എത്തിയില്ല എന്നുവരികിലും ആധ്യാത്മിക സ്ഥാനങ്ങളേയും ദൈവികാധ്യാപനങ്ങളേയും തള്ളിക്കളയാതിരിക്കുകയെങ്കിലും ചെയ്യുക എന്നതാണ്. മാത്രവുമല്ല, സജ്ജനങ്ങളും ജ്ഞാനികളുമായി സമ്പർക്കം സ്ഥാപിക്കാനും ശ്രമിക്കുക. ദൈവത്തിന്റെ ശ്രേഷ്ഠരായ മിത്രങ്ങളോടു - നിനക്ക് അവരിലൊരാളാവാൻ പറ്റിയില്ലെങ്കിലും - ശത്രുതാവികാരങ്ങൾ വെച്ചുപുലർത്തിക്കൊണ്ടാവരുത് നീ ഈ ലോകത്തോടു വിടപറയുന്നത്.

മകനേ,

വിജ്ഞാനത്തിന്റെ മഹദ്ഗ്രന്ഥമായ ഖുർആനുമായി നീ ബന്ധം സ്ഥാപിക്കുക, പാരായണത്തിലൊതുങ്ങുന്നതാണതെങ്കിലും. പ്രേമഭാജനമായ ദൈവവുമായി അങ്ങനെ ഒരു ബന്ധം സ്ഥാപിച്ചെടുക്കണം. മനസ്സിലാക്കാതെയുള്ള ഖുർആൻ പാരായണം പ്രയോജനമില്ലാത്തതാണെന്നു വിചാരിക്കരുത്. ആ ധാരണ പിശാചിന്റെ ഒരു സൂത്രമാണ്. നീയടക്കമുള്ള എല്ലാവർക്കുമായി ദൈവം നൽകിയ ഗ്രന്ഥമാണത്. പ്രേമഭാജനത്തിന്റെ കത്ത് കാമുകനെ സംബന്ധിച്ചിടത്തോളം മനസ്സിലായില്ലെങ്കിൽ പോലും പ്രിയപ്പെട്ടതു തന്നെ. നന്മകളിൽ വച്ച് ഏറ്റവും ഉത്തമമായതെന്നു പറയാവുന്ന പ്രേമഭാജനത്തിന്റെ സ്നേഹമാണ് അതുവഴി നിന്നെ തേടിയെത്തുന്നത്. ഒരുപക്ഷെ അതു നിനക്കൊരു സഹായഹസ്തമായി ഭവിക്കുകയും ചെയ്യും. ഖുർആൻ നമുക്കു വേദമായി ലഭിച്ചതിനു കൃതജ്ഞതയായി ജീവിതകാലം മുഴുവൻ നാമെല്ലാം ഒരുമിച്ചു സാഷ്ടാംഗം ചെയ്താലും മതിയാവില്ല.

മരണത്തിന്റെ ഉമ്മറപ്പടിയിൽ കിടന്ന് അവസാനത്തെ ശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന എനിക്ക് യൗവ്വനത്തിന്റെ അനുഗ്രഹം ആസ്വദിച്ചുകൊണ്ടിരിക്കുന്ന നിന്നോട് പറയാനുള്ളതിതാണ്. മതത്തോടു പ്രതിബദ്ധത പുലർത്തുന്ന, ആത്മീയസ്പർശമുള്ള, സ്വതന്ത്രരും ഇഹലോകത്തിന്റെ പകിട്ടുകളിൽ ഭ്രമിക്കാത്തവരുമായ, ഐഹിക വിഭവങ്ങൾ അത്യാവശ്യത്തിൽ കവിഞ്ഞ് സ്വരൂപിക്കാത്ത, ഒത്തുചേരുമ്പോൾ പാപം ചെയ്യാത്ത, ഉന്നത സദാചാരമൂല്യങ്ങൾ നിലനിർത്തുന്ന വ്യക്തികളുമായിട്ടു വേണം നീ ചങ്ങാത്തം സ്ഥാപിക്കാൻ. സൗഹൃദത്തിന്റെ ഫലം ഗുണമോ ദോഷമോ ആവുക സ്വാഭാവികം. അല്ലാഹുവെ വിസ്മരിക്കാനിടയാക്കുന്ന സദസ്സുകളിൽ നിന്നു വിട്ടുനിൽക്കുക. അത്തരം കൂട്ടുകെട്ടുകൾ ആത്മീയശക്തി ചോർന്നുപോവാനിടയാക്കും. നികത്താനാവാത്ത നഷ്ടമായിരിക്കുമത്.

[6] അലി അൽ മുത്തഖി അൽ ഹിൻദി, കൻസുൽ ഉമ്മാൽ വാ., ഹദീസ് നമ്പർ 32161.

നിർവികല്പമായ പരിപൂർണതയിൽ ലയിച്ചുചേരാനുള്ള വാഞ്ഛ, അഥവാ അതിനോട് അന്തഃപ്രചോദിതവും അവിഭാജ്യവുമായ ഒരു സ്നേഹം, മനുഷ്യപ്രകൃതിയിൽ ഉൾച്ചേർന്നിട്ടുണ്ട്. കേവല പൂർണത ഒന്നേ ഉണ്ടാവുക തരമുള്ളൂ. രണ്ടോ അതിലധികമോ ഉണ്ടാവുക സാധ്യമല്ല. മഹാനും അത്യുന്നതനുമായ ദൈവമത്രെ ആ കേവല പൂർണത. സൃഷ്ടിജാലങ്ങളെല്ലാം അവനെ തേടുകയും വികാരാവേശത്തോടെ സ്നേഹിക്കുകയും ചെയ്യുന്നു. പ്രകൃത്യാ ദൈവത്തെ തേടുകയും സ്നേഹിക്കുകയും ചെയ്യുന്ന മനുഷ്യൻ ഇരുട്ടിന്റേയും വെളിച്ചത്തിന്റേയും മറകൾക്കുള്ളിൽ അകപ്പെട്ടിരിക്കുന്നതിന്റെ ഫലമായി ഒരുപക്ഷേ തന്റെ തേട്ടത്തേയും സ്നേഹത്തേയും കുറിച്ചു സ്വയം ബോധവാനല്ല എന്നുവരാം. മറ്റെന്തോ ആണ് താൻ തേടുന്നതെന്ന് അവൻ അന്ധമായി സങ്കല്പിക്കുന്നു. പൂർണതയുടെ ഒരംശമോ സൗന്ദര്യമോ അധികാരം, സ്ഥാനം തുടങ്ങിയവയോ സ്വായത്തമാക്കാൻ കഴിഞ്ഞാൽ അതിൽ തൃപ്തി വരുന്നില്ല. താൻ തേടിക്കൊണ്ടിരുന്നത് അത്രയുമാണ് എന്നു മനസ്സിലാക്കുന്നുമില്ല. എത്രതന്നെ അധികാരം ലഭിച്ചാലും അതിനു മീതെയുള്ളതിലാവും അവരുടെ നോട്ടം. ജ്ഞാനാന്വേഷകർ ഒരു പ്രത്യേക പടിയിലെത്തിക്കഴിഞ്ഞാൽ തങ്ങൾക്കു തന്നെ നല്ല തിട്ടമില്ലാത്ത തങ്ങളുടെ യഥാർത്ഥ ലക്ഷ്യം അതിലുണ്ടെന്നറിയാതെ കൂടുതൽ ഉയരങ്ങൾ തേടിക്കൊണ്ടിരിക്കും. അധികാരത്തിന്റെ പിറകേ പോകുന്നവർക്ക് സപ്തഭൂഖണ്ഡങ്ങളും സൗരയൂഥവും ക്ഷീരപഥങ്ങളുമടക്കമുള്ള മുഴുവൻ ഭൗതിക പ്രപഞ്ചവും അധീനമായി എന്നു കരുതുക. അവരോടൊരാൾ ഇങ്ങനെ ചോദിക്കുന്നു: ''ഇതേക്കാൾ വലിയ അധികാരം വേറെയുണ്ടല്ലോ. ഇതിനപ്പുറവുമുണ്ട് ലോകങ്ങൾ. ആ അധികാരവും ലോകങ്ങളും സ്വന്തമാക്കാൻ നിങ്ങൾക്കാഗ്രഹമില്ലേ?'' അത്തരമൊരാഗ്രഹത്തെ ഒതുക്കി നിർത്താനാവില്ല അവർക്ക്. തങ്ങളുടെ സ്വത്വ പ്രകൃതിക്കിണങ്ങും വിധം തന്നെ അവർ പറയും: ''ഹാ! അവകൂടി കീഴടക്കിയാൽ എത്ര നന്നായിരിക്കും!'' ഇതു തന്നെ ജ്ഞാനാന്വേഷകരുടെയും സ്ഥിതി. തങ്ങൾക്കുള്ളതിനേക്കാൾ ഉന്നതമായ ജ്ഞാനമുണ്ടെന്നറിയാനിടയായാൽ അവരുടെ ഉച്ചസ്ഥായിയിലുള്ള അന്വേഷണ തൃഷ്ണ ഇങ്ങനെ മന്ത്രിക്കും: ''അങ്ങനെയുള്ള ജ്ഞാനം നേടിയിരുന്നെങ്കിൽ എന്നു ഞാനാശിക്കുന്നു. അതു സ്വായത്തമാക്കാനുള്ള കഴിവ് എനിക്കുണ്ടാവുകയോ അല്ലെങ്കിൽ അതുൾക്കൊള്ളാൻ എന്റെ ജ്ഞാനത്തിനു കഴിയുകയോ ചെയ്തിരുന്നെങ്കിൽ!'' മഹാനും ഉന്നതനുമായ ദൈവത്തെ വരിക്കലും ദൈവികമായ പ്രാദുർഭാവം എന്ന നിലയിൽ സമാധാനവും തൃപ്തിയും പകരുന്ന യഥാർത്ഥ രൂപത്തിലുള്ള ദൈവസ്മരണയുമാണ് അസ്വസ്ഥവും വിഭ്രാന്തവുമാവുന്ന ആത്മാവിനു ശാന്തി കൈവരുത്താനും സംതൃപ്തി ലഭിക്കാനുമുള്ള മാർഗം.

ദൈവസ്മരണയിൽ ഹൃദയങ്ങൾ ശാന്തത കൈക്കൊള്ളുന്നു (വി.ഖു. 13:28).

അതിനാൽ, മകനേ, ദൈവസ്മരണയിലൂടെ സമാധാനം നേടാൻ ദൈവം നിന്നെ തുണക്കട്ടെ. വിഹ്വലചിത്തനായ ഈ പിതാവിന്റെ അന്ത്യോപദേശം നീ ശ്രദ്ധിക്കുക. പേരും പ്രശസ്തിയും സ്ഥാനമാനങ്ങളും മറ്റെന്തെങ്കിലും തരത്തിലുള്ള ഭൗതികനേട്ടങ്ങളുമുണ്ടാവാൻ ഒരു നിലക്കും നീ ശ്രമിക്കരുത്. എന്തെങ്കിലുമൊരു പദവി നിനക്കു ലഭിക്കുകയാണെങ്കിൽ അതേക്കാൾ വലുത് ലഭിച്ചില്ലല്ലോ എന്നു നീ സങ്കടപ്പെടും. അപ്പോൾ കുറേ കൂടി വലിയ പദവിയോടു കൊതി തോന്നും. അതാകട്ടെ, നിന്റെ മനസ്സിന്റെ പ്രയാസങ്ങളെ വർദ്ധിപ്പിക്കുകയും ചെയ്യും.

''നിങ്ങൾ എന്തിനാണ് എന്നെ ഇതുപദേശിക്കുന്നത്?'' എന്ന് നീ ചോദിക്കുമെങ്കിൽ അതിനുള്ള എന്റെ മറുപടിയിതാണ്: ''ആരു പറയുന്നു എന്നല്ല എന്തു പറയുന്നു എന്നാണ് നോക്കേണ്ടത്.''[7]

മൊഴിഞ്ഞത് ഭ്രാന്തനാണെങ്കിലും സത്യമായ വാക്കുകളാണി. വിശുദ്ധ ഖുർആൻ പറയുന്നു: ഭൂമിയിലോ നിങ്ങളുടെ ആത്മാക്കളിലോ ഒരാപത്തും സംഭവിക്കുന്നില്ല- അതിനെ ഉത്ഭവിപ്പിക്കുന്നതിനു മുമ്പായി ഒരു ഗ്രന്ഥത്തിൽ നാമതു രേഖപ്പെടുത്തിട്ടില്ലാതെ. നിശ്ചയമായും അല്ലാഹു വിനത് ക്ഷിപ്രസാധ്യമാണ്. നിങ്ങൾക്കു നഷ്ടപ്പെട്ടതിനെ ചൊല്ലി നിങ്ങൾ സങ്കടപ്പെടാതിരിക്കുകയും നിങ്ങൾക്കു ലഭിച്ചതിൽ നിങ്ങൾ ആഹ്ലാദിക്കാതിരിക്കുകയും ചെയ്യുന്നതിന്. ഉദ്ധതനും പൊങ്ങച്ചക്കാരനുമായ ആരെയും തന്നെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. (57:22,23). പരിവർത്തനങ്ങൾക്കു വിധേയനാണ് ഈ ലോകത്ത് മനുഷ്യൻ. ചിലപ്പോഴവനു ദൗർഭാഗ്യങ്ങൾ പിണയുന്നു. മറ്റു ചിലപ്പോൾ ലോകം അവനപഅനുകൂലമാകുന്നു. അങ്ങനെയവനു സമ്പത്തും സമൂഹത്തിൽ അന്തസും അധികാരവുമെല്ലാം ലഭിക്കുന്നു. എന്നാൽ ദൗർഭാഗ്യത്തിന്റെയും സന്തോഷത്തിന്റേതുമായ ഈ രണ്ടവസ്ഥകളും സ്ഥായിയല്ല. ജീവിതത്തിലെ പരാധീനതകളും ദുരിതങ്ങളും നിന്റെ ക്ഷമകെടുത്തുന്ന രീതിയിൽ

[7] അൽ ആമിദി, ഗുറ്ററുൽ ഹികം, അധ്യായം 20, ഹദീസ് നമ്പർ 11.

നിന്നെ ദുഃഖിപ്പിക്കരുത്. ദുരിതങ്ങളിലും പരാധീനതകളിലുമൊക്കെ നന്മയും നിനക്കു ഗുണകരമായ മറ്റു സംഗതികളും അടങ്ങിയിട്ടുണ്ടാവാം. എന്നു മനസ്സലാക്കുക.

ഒരു കാര്യം നിങ്ങൾക്കു ഗുണകരാമായിരിക്കേ നിങ്ങളിതു വെറുത്തു എന്നു വരാം (വി.ഖു. 2:216).

ശാരീരികമായ അഭിലാശങ്ങൾ താലോലിക്കുന്ന ഐഹിക വിജയങ്ങളും നേട്ടങ്ങളും ദൈവത്തിന്റെ സൃഷ്ടികളെ ഗർവോടെ കൈകാരേയം ചെയ്യാൻ പ്രേരിപ്പിക്കുന്ന വിധത്തിൽ നിന്റെ ആത്മനിയന്ത്രണം നഷ്ടപ്പെടുത്താനിടയാക്കരുത്. എന്തുകൊണ്ടെന്നാൽ നിനക്കു നല്ലതെന്നു നീ ധരിക്കുന്ന സംഗതി നിനക്കു ദോഷകരമായും ഭവിച്ചേക്കാം.

മകനേ,

അവനവനോടു തന്നെയുള്ള പ്രേമത്തിൽ നിന്നുടലെടുക്കുന്ന ഇഹലോക പ്രേമമാണ് സകല തെമ്മാടിത്തങ്ങളുടേയും നാശത്തിന്റേയും ഉറവിടം. തെറ്റുകളുടെ മുഖ്യ പ്രേരശക്തിയും അതുതന്നെ. അതങ്ങേയറ്റം അധിപക്ഷേപകരമാണ്. ഐഹികലോകം സ്വന്തം നിലയിൽ നിന്ദ്യമല്ല. കാരണം അത് ദൈവത്തിന്റെയും അവന്റെ ഉയടമസ്ഥതയുടെയും പ്രപഞ്ചനമാകുന്നു. മാലാഖമാർ ഇറങ്ങുകയും പ്രവാചകന്മാർ പരിശീലിപ്പിക്കപ്പെടുകയും യഥാർത്ഥ സത്യസ്നേഹികളുടെ ഹൃദയത്തിലേക്കു സത്യം അനാവൃതമാവുകയും ചെയ്ത സ്ഥലവുമാണത്. ദൈവസ്നേഹത്തിൽ പ്രചോദിതമായി ലോകത്തെ സ്നേഹിക്കുന്നതും പരിശുദ്ധനും മഹാനുമായ ദൈവത്തിന്റെ പ്രാദുർഭാവം എന്ന നിലയിൽ ലോകത്തെ കാണുന്നതും അഭികാമ്യവും പൂർണതയിലേക്കു നയിക്കുന്നതുമത്രെ. എന്നാൽ ലോക പ്രേമത്തിന്റെ നിമിത്തം ആത്മപ്രേമമാണെങ്കിൽ, അതുതന്നെയായിരിക്കും സകല തിന്മകളുടെയും മൂലസ്രോതസ്സ്. അധിപക്ഷേപാർഹമായ ലോകം നിന്നിൽ തന്നെയാണുള്ളത് എന്നു സാരം. ഹൃദയത്തിന്റെ നാഥനുമായല്ലാത്ത മറ്റാരുമായുള്ള ബന്ധവും ഹാനികരമാണ്. പാപത്തിലും കുറ്റകൃത്യങ്ങളിലും വഞ്ചനാപരമായ പ്രവർത്തികളിലും മുഴികുന്നതിന്റെയും സകലവിധ ദൈവാധിക്കാരങ്ങളുടെയും ഹേതു ആത്മപ്രേമമാണ്. പണം, പദവി, പ്രശസ്തി, അധികാരം തുടങ്ങി ലോകത്തിന്റെ പകിട്ടുകളോടും ലോകത്തോടും തോന്നുന്ന എവ്വിധ സ്നേഹവും ഉത്ഭവിക്കുന്നത് ആത്മപ്രേമത്തിൽ നിന്നാണ്. ഒരു ഹൃദയവും പ്രകൃത്യാ അതിന്റെ യഥാർത്ഥ യജമാനനെ വിസ്മരിക്കാനിടയാക്കുന്ന ഇരുളിന്റെയും വെളിച്ചത്തിന്റെയും തിരശ്ശീലകളും യഥാർത്ഥത്തിൽ സ്നേഹിക്കേണ്ടവനു പകരം മറ്റെന്തിനെയെങ്കിലും സ്വീകരിക്കുന്നതിലേക്ക് നാം വഴിപിഴക്കുന്നതും അന്ധകാരത്തിനുമേൽ അന്ധകാരമാണ്. നാമും നമ്മുടെ ഇഷ്ടങ്ങളും ഇതുവരെ പ്രകാശത്തിന്റെ തിരശ്ശീലകളുടെ സമീപമെത്തിയിട്ടില്ല. തമസ്സിന്റെ തിരശ്ശീലകളുടെ ബന്ധനത്തിലാണിപ്പോഴും നാമുള്ളത്. തമസ്സിന്റെ തിരശ്ശീലകൾക്കപ്പുറമുള്ളവർ ഉരുവിടുന്നു:

ദൈവമേ, നിനക്കായി സർവം സമർപ്പിക്കാൻ എന്നെ പ്രാപ്തനാക്കുക. ഞങ്ങളുടെ ഹൃദയത്തിന്റെ കാഴ്ചകളെ നിന്റെ കാഴ്ചയുടെ വെളിച്ചം കൊണ്ട് പ്രദീപ്തമാക്കിയാലും. അങ്ങനെ ഞങ്ങളുടെ ഹൃദയത്തിന്റെ കാഴ്ചകൾ പ്രകാശത്തിന്റെ മറകൾ ഭേദിച്ചു നിന്റെ മഹത്വത്തിന്റെ ഉറവിടത്തിലേക്ക് എത്തിച്ചേരട്ടെ. നിന്റെ പരിശുദ്ധിയുടെ പടിവാതിക്കൽ ഞങ്ങളുടെ ആത്മാവുകൾ നങ്കൂരമിടുകയും ചെയ്യട്ടെ. എന്റെ ദൈവമേ, നീ വിളിക്കുകയും നിന്റെ വിളിക്കു പ്രത്യുത്തരം ചെയ്യുകയും നീ കടാക്ഷിക്കുമ്പോൾ നിന്റെ മഹത്വത്തിനു മുമ്പിൽ മോഹാലസ്യപ്പെടുത്തേണമേ.[8]

ആദമിനു സാഷ്ടാംഗം ചെയ്യാനുള്ള ദൈവകല്പന നിരസിച്ച സാത്താൻ, ''ഞാൻ അവനേക്കാൾ മികച്ചവനാണ് - നീയെന്നെ അഗ്നിയിൽ നിന്നു സൃഷ്ടിച്ചു. അവനെ കളിമണ്ണിൽ നിന്നും''[9] എന്നുപറഞ്ഞ സന്ദർഭത്തിൽ, തന്റെ അഹങ്കാരത്തിന്റെ കറുത്ത് തിരശ്ശീലകൾക്കുള്ളിലായിരുന്നു. ദൈവസാന്നിധ്യത്തിൽ നിന്ന് അവൻ ബഹിഷ്കൃതനായി. അതേപോലെ നാമും അത്മപ്രമേത്തിന്റെയും അഹങ്കാരത്തിന്റെയും സ്വാർത്ഥപ്രേരിതമായ പ്രവർത്തനങ്ങളുടെയും മറകൾക്കുള്ളിലാവുമ്പോൾ നമ്മിലും പൈശാചിക ഗുണങ്ങളുണരുകയും തൽഫലമായി പരമകാരുണികന്റെ സാന്നിധ്യത്തിൽ നിന്നകറ്റപ്പെടുകയും ചെയ്യുന്നു. സർവ വിഗ്രഹങ്ങളുടെയും മാതാവായ ഈ വിഗ്രഹത്തെ[10]

---

[8] അഞ്ചാമത്തെ കുറിപ്പു കാണുക.

[9] വിശുദ്ധ ഖുർആൻ 7:12

[10] റൂമി പറയുന്നു: ''എല്ലാ വിഗ്രഹങ്ങളുടേയും അമ്മ നിന്റെ ആത്മാവിന്റെ വിഗ്രഹമാണ്. വിഗ്രഹങ്ങൾ സർപ്പങ്ങളാണെങ്കിൽ ഇത് ഉഗ്രവിഷം ചീറ്റുന്ന വ്യാളിയാണ്.

തകർക്കുക വളരെ ദുഷ്കരമത്രെ. നാം പിശാചിനെ അനുസരിക്കുവോളം നമുക്കു ദൈവത്തെ അനുസരിക്കനോ പരിശുദ്ധനും അത്യുന്നതുമായ അവന്റെ മുമ്പിൽ സ്വയം സമർപ്പിക്കാനോ സാധിക്കുകയില്ല. ഈ വിഗ്രഹം തകർക്കപ്പെടും വരെ ഹിജാബിന്റെ കറുത്ത യവനികൾ ഉയരുകയോ നീക്കം ചെയ്യപ്പെടുകയോ ഇല്ല.

ആദ്യമായി, എന്താണ് ഹിജാബ് എന്ന് നാം മനസ്സിലാക്കണം. അതെന്താണെന്ന് നാം അറിയുന്നില്ലെങ്കിൽ പൂർണ്ണമായോ ഭാഗികമായോ അതു നീക്കം ചെയ്യാൻ നമുക്കു സാധിക്കുകയില്ല. ഒരു ഹദീസിൽ ഇങ്ങനെയുണ്ട്: ഒരിക്കൽ ഒരു സംഘം സഹാബികൾ സന്നിധിയിലായിരിക്കെ ഒരു വലിയ ശബ്ദം കേൾക്കാനിടയായി. അതേക്കുറിച്ച് അവർ പ്രവാചകനോടാരാഞ്ഞു. അദ്ദേഹം പറഞ്ഞു: ''എഴിപതു വർഷം മുമ്പ് നരകത്തിന്റെ വക്കിൽ നിന്ന് ഉരുണ്ടു തുടങ്ങിയ ഒരു കല്ലാണത്. ഇപ്പോഴത് നരകത്തിന്റെ അടിത്തട്ടിൽ പതിച്ചു.'' അല്പ സമയത്തിനകം അവർക്കൊരു വിവരം കിട്ടി. എഴുപതു വയസ്സുള്ള ഒരവിശ്വാസി മരിച്ചിരിക്കുന്നുവെന്ന്.[11] ഈ ഹദീസ് പ്രമാണമാക്കാമെങ്കിൽ ആ സഹാബികൾ ഏതോ ഒരാത്മീയ മേഖലയിൽ എത്തിയവരായിരുന്നു. അല്ലെങ്കിൽ അവരാ ശബ്ദം ശ്രവിച്ചത് അശ്രദ്ധയുള്ളവർക്ക് താക്കീതും അജ്ഞാനികൾക്ക് പാഠവുമായി ദൈവദൂതന്റെ മധ്യസ്ഥതയിൽ അവർ കേൾപ്പിക്കപ്പെട്ടതിനാലുമാവാം. ഈ ഹദീസ് പ്രാമാണികമല്ലെങ്കിൽ തന്നെയും- ഹദീസിന്റെ വാക്കുകൾ കൃത്യമായി ഞാൻ ഓർക്കുന്നില്ല - നമ്മുടെ ജീവിതം നീളെ നരകത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ് എന്ന വസ്തുതയിലേക്കത് വിരൽ ചൂണ്ടുന്നു. ദൈവത്തിനും അവന്റെ ഭവനത്തിനും നേരെ പുറം തിരിഞ്ഞ് മുഖം നമ്മുടെ അഹന്താക്ഷേത്രത്തിന് നേരെയാക്കി നാം മഹാനായ ദൈവത്തിന്റെ ഏറ്റവും മഹത്തായ സ്മരയായി നിശ്ചയിക്കപ്പെട്ട നമസ്ക്കാരം നിർവഹിക്കുന്നു. നമ്മുടെ പ്രാർത്ഥനകൾ ദൈവത്തിലേക്കുള്ള പ്രയാണ (മിഅ്റാജ്)വും ദൈവവുമായുള്ള സ്വർഗീയമായ സന്ധിപ്പും (ലിഖാഅ്) ആവേണ്ടതിനു പകരം നരകത്തിൽ നിന്നു രക്ഷപ്പെടാനുള്ള ഒരുപാധിമാത്രമായി ചുരുങ്ങുന്നത് ഖേദകരമാണ്.

മകനേ,

എന്നെയും നിന്നെയും പോലുള്ള ആളുകൾക്ക് ദൈവത്തെ അറിയേണ്ടവിധം അറിയാനോ ആരാധിക്കേണ്ട വിധം ആരാധിക്കാനോ സാധിക്കും എന്നു സൂചിപ്പിക്കുകയല്ല ഞാൻ. ദൈവത്തേയും ആരാധിക്കപ്പെടാനുള്ള അവന്റെ അവകാശത്തേയും അവനോടുള്ള അടിമത്തത്തേയും സംബന്ധിച്ചു ഏറ്റവും നന്നായറിയുന്ന ആൾ ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നു:

നിന്നെ നീ അർഹിക്കും വിധം ഞങ്ങൾ അറിഞ്ഞിട്ടില്ല. നിന്നെ നീ അർഹിക്കും വിധം ഞങ്ങൾ ആരാധിച്ചിട്ടുമില്ല.[12]

ഈ പ്രസ്താവന നമ്മെ നമ്മുടെ അശക്തി ബോധ്യപ്പെടുത്തുകയും നമ്മുടെ അപ്രധാനത്വത്തെ വെളിപ്പെടുത്തിത്തരികയും ചെയ്യുന്നു. നമ്മുടെ അഹന്തയെയും സ്വാർത്ഥത്തെയും വെറുപ്പോടെ വീക്ഷിക്കാനും മെരുങ്ങാത്ത ആ രാക്ഷസനെ കീഴ്പ്പെടുത്താനും അതു നമ്മെ പ്രേരിപ്പിക്കട്ടെ. സ്വാർത്ഥത്തെ നിയന്ത്രിക്കുന്നതിനും അതുവഴി ഏതൊന്നിനെക്കുറിച്ചുള്ള ചിന്തപോലും ആത്മാവിനെ നശിപ്പിക്കുമോ ആ ഭയങ്കരമായ അപകടത്തെ ഒഴിവാക്കുന്നതിനും ഒരു പക്ഷേ നമുക്കു സാധിച്ചേക്കാം.

നശ്വര ലോകത്തു നിന്നു അനശ്വര ഗേഹത്തിലേക്കു യാത്രതിരിക്കുന്ന ജീവിതത്തിന്റെ അന്തിമനിമിഷങ്ങളിൽ ഒരാളെ ബാധിച്ചേക്കാവുന്ന ഏറ്റവും വലിയ വിപത്ത് സ്വാത്മ പ്രേമവും സർവശാഖകളോടും കൂടിയ ഇഹലോകാനുരാഗവുമാണ്. അപ്പോൾ മരണത്തിന്റെ വാതിൽപ്പടിയിൽ വെച്ചു ചില കാര്യങ്ങൾ മനുഷ്യനു വെളിപ്പെടുത്തപ്പെടുമ്പോൾ അവനറിയുന്നു, ദൈവത്തിന്റെ ദൂതൻ (അസ്റാഈൽ എന്ന മാലാഖ) അവനെ അവന്റെ പ്രേമഭാജന (ലോകം)ത്തിൽ നിന്നകറ്റാൻ പോവുകയാണെന്ന്. പരിശുദ്ധനും പരമോന്നതനുമായ ദൈവത്തോടു ഉള്ളിൽ രോഷവും ശത്രുതയും വഹിച്ചുകൊണ്ടാവും അവൻ ലോകത്തോടു വിടപറയുക. ഇതത്രെ ആത്മപ്രേമത്തിന്റേയും ഇഹലോകപ്രേമത്തിന്റേയും പരിണിത ഫലം. നമ്മുടെ ഹദീസുകളിലും ഇക്കാര്യം സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഭക്തനും വിശ്വസ്തനുമായ ഒരാൾ ഒരിക്കൽ എന്നോടു പറഞ്ഞു: ''മരണാസന്നനായ ഒരാളുടെ ശയ്യക്കരികെ ഇരി

---

[11] അല്ലാമാ മജ്ലിസി, ഇൽമുൽയഖീൻ 2, 1002, മഖ്സദ് 4, ബാബ് 13, ഫസ്ൽ 4.

[12] അല്ലാമാ മജ്ലിസി, മിർആത്തുൽ ഉഖൂൽ, കിതാബുൽ ഈമാനി വൽ കുഫ്ർ, ബാബുശ്ശുക്ർ, 8, 146.

ക്കുകയായിരുന്നു ഞാൻ. മരിച്ചുകൊണ്ടിരിക്കുന്ന ആൾ പറഞ്ഞു: 'എന്നെയിപ്പോൾ ഞാൻ കഷ്ടപ്പെട്ടു വളർത്തിയ മക്കളിൽ നിന്നു വേർപ്പെടുത്തിക്കളയുന്ന ദൈവത്തോളം ആരുമെന്നെ ദ്രോഹിച്ചിട്ടില്ല.' അതുകേട്ടു ഞാനവിടെനിന്നെഴുന്നേറ്റു പോയി. അല്പം കഴിഞ്ഞ് അയാൾ മരിക്കുകയും ചെയ്തു.''ഇത്രയുമാണ് ഉദ്ധരിക്കപ്പെട്ട സംഭവം. ഒരുപക്ഷേ എന്റെ വാക്കുകൾക്ക് സംഭവം റിപ്പോർട്ടു ചെയ്ത വ്യക്തിയുടെ വാക്കുകളിൽ നിന്ന് ചില്ലറ വ്യത്യാസം കണ്ടേക്കാം. എങ്കിലും ഞാൻ പറഞ്ഞ കാര്യങ്ങൾ ശരിയായിരിക്കാനുള്ള സാധ്യത ഉണ്ടെങ്കിൽ തന്നെ അതു വളരെ പ്രധാനമാണ്. ഈ പ്രശ്നത്തിനൊരു പ്രതിവിധി കണ്ടെത്തിയേ മതിയാവൂ.

നാമുൾപ്പെടെ ലോകത്തുള്ള ഉണ്മകളെ കുറിച്ചു തെല്ലിട നാം ചിന്തിക്കുകയാണെങ്കിൽ ഒന്നിനും സ്വന്തമായ ഒന്നുമില്ലെന്നു നമുക്കു മനസ്സിലാവും. നമുക്കുള്ളതെന്തും നാം ജനിക്കുന്നതിനു മുമ്പോ നമ്മുടെ കുട്ടിക്കാലം മുതൽ മരണം വരെയുള്ള ജീവിതകാലത്തിനിടക്കോ അതുമല്ലെങ്കിൽ നമ്മുടെ മരണത്തിനു ശേഷം പോലുമോ ദൈവം കനിഞ്ഞരുളിയതാണ്. നമ്മെ വഴി കാണിക്കുന്ന മാർഗസൂചനകൾ, ഒരു പക്ഷെ നമ്മിൽനിന്നപഹൃതമായ ദിവ്യസ്നേഹത്തിന്റെ ഒരുസ്ഫുലിംഗം, നമ്മിൽ ഉദയം ചെയ്തേക്കാം. നമ്മുടെ അപ്രധാനതയും പൊള്ളത്തരവും സ്വയം മനസ്സിലാക്കാനും ഉന്നതനും മഹാനുമായ ദൈവത്തിലേക്കുള്ള വഴി കണ്ടുപിടിക്കാനും നമ്മെ പ്രാപ്തമാക്കുന്നതായിരിക്കും അത്. അഹംബോധത്തിന്റേയും സ്വാഭിമാനത്തിന്റേയും പേരിൽ ദൈവികാധ്യാപനങ്ങളേയും ദൈവത്തിന്റെ പ്രാദുർഭാവങ്ങളേയും നിഷേധിക്കുന്നതിനും അങ്ങനെ അഹന്തയുടേയും ആത്മപ്രേമത്തിന്റെയും ചളിക്കുണ്ടിൽ കാലാകാലം ബന്ദിയാക്കപ്പെടുന്നതിനും കാരണമാവുന്ന സത്യനിഷേധത്തിൽ നിന്ന് അതു നമ്മെ രക്ഷിക്കുകയെങ്കിലും ചെയ്യും. ഒരു ഹദീസുണ്ട്. ഒരിക്കൽ ദൈവം ഒരു പ്രവാചകനോടു ചോദിച്ചു: ''താങ്കളേക്കാൾ താഴ്ന്നപടിയിലാണെന്നു താങ്കൾക്കു തോന്നുന്ന ആരെയെങ്കിലും എന്തിനേയെങ്കിലും കാണിക്കാമോ?'' പ്രവാചകൻ ഒരു ചത്ത കഴുതയെ കണ്ടു. ആ ശവത്തെ അദ്ദേഹം ഏതാനും അടി ദൂരം വലിച്ചിഴച്ചു കൊണ്ടുവന്നു. പിന്നീടു പെട്ടെന്നു ലജ്ജ തോന്നുകയാൽ അതുപേക്ഷിച്ചു. അപ്പോൾ അദ്ദേഹത്തോട് ഇങ്ങനെ പറയപ്പെട്ടു: ''താങ്കൾ അതു കൊണ്ടുവന്നിരുന്നെങ്കിൽ താങ്കൾക്ക് പ്രവാചകത്വ പദവി നഷ്ടപ്പെടുമായിരുന്നു.'' ഈ നിവേദനം പ്രാമാണികമാണോ അല്ലേ എന്നെനിക്കറിയില്ല. പക്ഷെ, പ്രവാചകത്വ പദവിയിലുള്ളവർക്കുപോലും ഇത്ര നിസ്സാരമായ ഉൽക്കർഷബോധം പതനഹേതുവാകുന്നു എന്ന സൂചന അതുൾക്കൊള്ളുന്നുണ്ട്.

വിഗ്രഹാരാധകർ ഇസ്‌ലാം വിശ്വസിക്കാൻ വിസമ്മതിച്ചതിൽ അന്ത്യപ്രവാചകൻ സങ്കടപ്പെട്ടതും വേദനിച്ചതുമെല്ലാം സത്യത്തിൽ എന്തിനായിരുന്നു? ഈ പറയുന്നതിൽ അവർ വിശ്വസിക്കുന്നില്ലെങ്കിൽ അവരുടെ കാര്യത്തിൽ വ്യഥിതനായി നീ സ്വയം നശിപ്പിച്ചേക്കാം (വി.ഖു. 18:6) എന്നുവരെ അദ്ദേഹത്തോടു പറയപ്പെടുകയുണ്ടായല്ലോ.

എല്ലാ ഉൺമകളെയും അദ്ദേഹം സ്നേഹിച്ചതാണ് അതിന്റെ കാരണം. ദൈവത്തെ സ്നേഹിക്കുന്നതിന്റെ തുടർച്ചയാണ് അവന്റെ പ്രാദുർഭാവങ്ങളെ സ്നേഹിക്കൽ. അഹംഭാവത്തിന്റേയും ആത്മപ്രേമത്തിന്റേയും ഇരുണ്ട തിരശ്ശീലകൾ അവിശ്വാസികളെ അധമത്വത്തിലേക്കു തള്ളിവിടുന്നതും തങ്ങളുടെ തന്നെ പ്രവൃത്തികൾ മൂലം അവർ നരകയാതനകളെ അഭിമുഖീകരിക്കേണ്ടി വരുന്നതും പ്രവാചകനെ വല്ലാതെ വേദനിപ്പിച്ചു. സർവരുടേയും ഗുണകാംക്ഷിയായിരുന്നു അദ്ദേഹം. കാരണം സർവർക്കും അനുഗ്രഹമായാണ് അദ്ദേഹം നിയോഗിക്കപ്പെട്ടത്. സത്യനിഷേധികളും വിഗ്രഹപൂജകരും അദ്ദേഹത്തോടു ശത്രുത പുലർത്തുകയായിരുന്നു; അവരെ രക്ഷിക്കാനാണ് അദ്ദേഹം വന്നതെങ്കിലും. ദൈവത്തിന്റെ പ്രാദുർഭാവങ്ങളെ സ്നേഹിക്കുക സകലരുടേയും ഗുണകാംക്ഷികളായി ഔലിയാഇന്റെ സവിശേഷമായ ഗുണമത്രെ. ആ സ്നേഹത്തിന്റെ ഒരു ജ്വാല നമുക്ക് നമ്മിലുണ്ടാക്കാൻ സാധിച്ചാൽ പൂർണതയുടെ ഒരു സ്ഥാനം നാം നേടിയതായി നമുക്കുറപ്പിക്കാം. ഇരുലോകങ്ങൾക്കും കാരുണ്യമായ ദൈവം അവന്റെ കാരുണ്യവും അനുഗ്രഹവും ആശീർവാദവും കൊണ്ട് നമ്മുടെ മൃതമായ ഹൃദയത്തെ ജീവിപ്പിക്കുമാറാവട്ടെ. സത്യത്തിന്റെ ശത്രുക്കളോടു പൊരുതുകയും അവരോടു കടുത്ത നിലപാടെടുക്കുകയുമാണ് വിശ്വാസിയായ മനുഷ്യന്റെ ഒരു ഗുണം എന്ന് ജ്ഞാനമുള്ളവർക്കറിയാം. ദൈവത്തിൽ നിന്നുള്ള പരോക്ഷമായ അനുഗ്രഹമാണത്. ജീവിച്ചിരിക്കുന്ന ഓരോ നിമിഷത്തിലും സത്യവിരോധികൾക്കും അധർമ്മകാരികൾക്കുമുള്ള ശിക്ഷ എണ്ണത്തിലും വണ്ണത്തിലും വർധിച്ചു കൊണ്ടിരിക്കുകയാണ്. ആ വർധനക്ക് ഒരു പരിധിയുമില്ല. നന്നാക്കാൻ കഴിയുന്നതിനപ്പുറം ചീത്തയായിക്കഴിഞ്ഞവരുടെ ജീവിതത്തിന് വിരാമമിടുന്നതെന്തും പ്രച്ഛന്നമായ കാരുണ്യവും പരോക്ഷമായ അനുഗ്രഹവുമാണ്. സമൂഹത്തിനും അതു ഗുണകരമാണ്. മുറിച്ചു നീക്കിയില്ലെങ്കിൽ ശരീരത്തെ ആകെ നശിപ്പിച്ചുകളയുന്ന ഒരവയവത്തെപ്പോലെയാണ് സമൂ

ഹത്തെ ദുഷിപ്പിക്കുന്ന വ്യക്തി. പ്രവാചകൻ നൂഹ് തന്റെ നാഥനായ ദൈവത്തോട് പറഞ്ഞത് ഇതാണ്.

നൂഹ് പറഞ്ഞു: നാഥാ, സത്യനിഷേധികളിൽ പെട്ട ഒരുവനെയും നീ ഭൂമിയിൽ അവശേഷിപ്പിക്കരുതേ. അവരെ നീ ശേഷിപ്പിക്കുകയാണെങ്കിൽ നിന്റെ ദാസന്മാരെ അവർ വഴിപിഴപ്പിക്കും. നന്ദികെട്ട ദുഷ്ടന്മാരെയല്ലാതെ അവർ ജനിപ്പിക്കുകയുമില്ല (വി.ഖു. 71:26, 27).

ഇവ്വിഷയകമായി അല്ലാഹു വ്യക്തമാക്കുന്നു: ഫിത്ന ഇല്ലാതാവുന്നതുവരെ അവരോടു യുദ്ധം ചെയ്യുക (വി.ഖു. 2:193).

അങ്ങനെ നോക്കുമ്പോൾ പ്രഹരം, പ്രതിക്രിയ, തഅ്സീർ[13] തുടങ്ങിയ എല്ലാ ശിക്ഷാമുറകളും ഏറ്റും ദയാപരനായ ദൈവം കുറ്റവാളിക്കു മാത്രമല്ല സമൂഹത്തിനുതന്നെയും നൽകിയിട്ടുള്ള അനുഗ്രഹമാണെന്നു കാണണം.

മകനേ,

ജീവജാലങ്ങളെ പൊതുവായും മനുഷ്യരെ വിശേഷിച്ചു സ്നേഹവായ്പോടെ വീക്ഷിക്കാൻ ചിന്താപൂർവ്വം ശ്രമിക്കുക. ഉലകങ്ങളുടെ നാഥനായ ദൈവത്തിന്റെ കരുണയല്ലേ എണ്ണമറ്റ ജീവികളെ മുഴുവൻ സംവലയം ചെയ്തു നിൽക്കുന്നത്? ദിവ്യകാരുണ്യത്തിന്റെയും ഔദാര്യത്തിന്റെയും ഭാഗമല്ലേ അവയുടെ നിലനില്പും ജീവിതവും അവയുമായി ബന്ധപ്പെട്ട മറ്റു സകല അനുഗ്രഹങ്ങളും? അതുകൊണ്ടത്രെ ''അസ്തിത്വമുള്ളതെല്ലാം ദൈവത്തിന്റെ കാരുണ്ടം നുകരുന്നു'' എന്നു പറയുന്നത്.

അസ്ഥിരമായ ഒരു ഉണ്മക്ക് അതിന്റെ സ്വന്തമായതെന്തും ഉടമപ്പെടുത്താനും ആ ഉൺമയെപ്പോലെ അസ്ഥിരമായ മറ്റൊരുൺമയിൽ നിന്ന് ചിലതെല്ലാം ആർജ്ജിക്കാനും സാധിക്കും. പ്രപഞ്ചത്തെയഖിലം ചൂഴ്ന്നുനിൽക്കുന്ന സർവകാരുണികന്റെ കരുണയാകുന്നു അത്. ലോകങ്ങളുടെയെല്ലാം രക്ഷിതാവാണ് (റബ്ബ്) ദൈവമെങ്കിൽ, അവന്റെ പരിപാലനം (തർബിയഃ) സർവാതിശായിയുമാണെങ്കിൽ അവന്റെ യജമാനത്തം അവന്റെ കാരുണ്യത്തിന്റെ പ്രപഞ്ചനവുമല്ലേ? സർവാതിശായിയായ ദിവ്യാനുഗ്രഹവും പരിരക്ഷയുമില്ലെങ്കിൽ കാരുണ്യവും യജമാനത്തവും സാർവത്രികമാവുമോ? ദിവ്യാനുഗ്രഹവും പരിരക്ഷയും ലഭിക്കുന്ന എല്ലാറ്റിനേയും എല്ലാവരേയും നാമെന്തിനു സ്നേഹിക്കാതിരിക്കണം? നാമവയെ സ്നേഹിക്കുന്നില്ലെങ്കിൽ നമ്മുടെ ഭാഗത്തുനിന്നുള്ള ഒരു പോരായ്മയും സങ്കുചിതത്വവും ദൂരക്കാഴ്ചയില്ലായ്മയുമാവില്ലേ അത്?

എനിക്കു പ്രായമായി. മേല്പറഞ്ഞ തരം പോരായ്മകളെയും മറ്റനവധി വീഴ്ചകളെയും ചെറുക്കുന്നതിൽ നിസ്സംശയം എനിക്കു തോൽവി സംഭവിച്ചിട്ടുണ്ട്. എന്നാൽ നിനക്ക് ചെറുപ്പമാണ്. ദിവ്യകാരുണ്യത്തിന്റേയും ആത്മീയതയുടേയും ലോകത്തോടു കുറേകൂടി സമീപസ്ഥനാണു നീ. ന്യൂനതകളെ മറികടക്കാൻ ശ്രമിക്കുക. ഈ ഹിജാബ് നീക്കാനും ദൈവദത്തമായ സ്വത്വപ്രകൃതി (ഫിത്റതുല്ലാഹി)ക്കിണങ്ങും വിധം പ്രവർത്തിക്കാനും നിന്നെയും നമ്മെ ഏവരേയും അല്ലാഹു തുണക്കുമാറാവട്ടെ. ഈ വിഷയം നേരത്തെ ഞാൻ പരാമർശിച്ചിട്ടുണ്ട്. ഇനി ഞാൻ ഈ ഹിജാബ് ഇല്ലാതാക്കാനുതകുന്ന ഒരു സൂചന നൽകാനാണാഗ്രഹിക്കുന്നത്.

നാം നമ്മുടെ ദൈവപ്രകൃതി ഹേതുവായി കേവല പൂർണതയെ സ്നേഹിക്കുന്നു. ഈ സ്നേഹത്തിന്റെ ഒരു ഫലം കേവല പൂർണതയുടെ പ്രതിഫലനമായ പൂർണതയെ പൊതുവായിത്തന്നെ സ്നേഹിക്കുക എന്നുള്ളതാണ്. നിർവികല്പമായ അപൂർണതയെയും കേവല പൂർണതയുടെ പ്രതിഫലനങ്ങളായ ദൈവിക പ്രഭാവങ്ങളെ സ്നേഹിക്കുന്നവരെയും വർജിക്കുകയാണ് ഈ പ്രകൃതിയുടെ മുന്നുപാധികളിലൊന്ന്. പൂർണതയേയോ കേവല പൂർണതയേയോ അല്ല മറിച്ച് പൂർണതക്ക് എതിരും അതിനു വിരുദ്ധവുമായ ന്യൂനതയേയും കേവല ന്യൂനതയേയുമാണ് നാം വർജിക്കുന്നത്. പൂർണതയുടെ വൈരുദ്ധ്യം അതിന്റെ അസ്തിത്വമില്ലായ്മയാണ്. നാം ഹിജാബിന്റെ തടവറയിലായതിനാൽ നമുക്കിത് മനസ്സിലാവില്ല. ഹിജാബ് നീങ്ങിക്കിട്ടിയാൽ ഉന്നതനും മഹാനുമായ ദൈവത്തിൽ നിന്നുള്ളതെല്ലാം സ്നേഹിക്കത്തക്കതാണെന്നും നിന്ദ്യമായതൊന്നും അവനിൽ നിന്നുള്ളതല്ലെന്നും-

---

[13] കുറ്റവാളിയെ മര്യാദ പഠിപ്പിക്കാൻ കുറ്റത്തിന്റെ സ്വഭാവം കണക്കിലെടുത്ത് ഇസ്ലാമിക ഭരണാധികാരി നല്കുന്ന യുക്തമായ ശിക്ഷയാണിത്. ചിലപ്പോൾ ഇത് പ്രഹരമാകാം. ചിലപ്പോൾ ഗുണദോഷിക്കൽ മാത്രമാവാം.

കാരണം അവക്ക് അസ്തിത്വമില്ല- ഉള്ള തിരിച്ചറിവ് നമുക്ക് ലഭിക്കുന്നു. അത്തരം വിപര്യയങ്ങളെ കുറിച്ചു പരാമർശിക്കുന്നതിൽ ഒരനാസ്ഥ അടങ്ങിയിട്ടുണ്ടെന്ന് നീ ഗ്രഹിക്കണം.

മേൽപ്പറഞ്ഞ സംഗതികൾക്ക് തത്വചിന്താപരമായ തെളിവുകളും ആത്മീയമായ അന്തർജ്ഞാനത്തിന്റെ പിൻബലവും വിശുദ്ധ ഖുർആനിൽ അതു സംബന്ധിച്ചു സൂചനകളുമുണ്ടെങ്കിലും അതിൽ വിശ്വസിക്കുക എളുപ്പമല്ല. അതിനെ നിഷേധിക്കുന്ന ധാരാളം പേരുണ്ട്. അതിൽ വിശ്വസിക്കുന്നവരാവട്ടെ വളരെ കുറവും. യുക്തിപരമായ വാദങ്ങളിലൂടെ അതിനെ സമർഥിക്കുന്നവർ പോലും അതിൽ വിശ്വസിക്കുന്നില്ല. ഉഗ്രമായ പരിശ്രമവും ഗാഢമായ പരിചിന്തനവുമുണ്ടെങ്കിലേ അത്തരം യാഥാർഥ്യങ്ങളിൽ വിശ്വസിക്കാനാവൂ.

ചില വസ്തുതകളെ യുക്തിപരമായ തെളിവുകൾ അടിസ്ഥാനമാക്കി അവിശ്വസിക്കാൻ കഴിയും എന്നുപറയുന്നത് അടിസ്ഥാനരഹിതമാണെന്നോ വിശ്വസിക്കാൻ പ്രയായമുള്ളതാണെന്നോ തോന്നിയേക്കാം. എന്നാൽ നമ്മുടെ ഉള്ളിൽ രൂപപ്പെടുന്ന ഒരു വിശ്വാസമാണത്. ഖുർആൻ അതേകുറിച്ചു സൂചന നൽകിയിട്ടുണ്ട്. സൂറത്തു തകാഥുറിലെ വചനങ്ങൾ ഉദാഹരണം. ആന്തരിക വിശ്വാസത്തെ സംബന്ധിക്കുന്ന ഒരുദാഹരണം പരിഗണിക്കാം. ശവശരീരങ്ങൾ അനങ്ങുകയോ ഉപദ്രവിക്കുകയോ ഇല്ലെന്നു എല്ലാവർക്കുമറിയാം. ആയിരം ശവശരീരങ്ങൾ ചേർന്നാലും ഒരീച്ചയുടെ പ്രവൃത്തി ചെയ്യാനാവില്ല. പുനരുത്ഥാന നാൾ വരെ മൃതദേഹങ്ങൾക്ക് ജീവൻ തിരിച്ചു കിട്ടുകയില്ല എന്നും ഉറപ്പ്. എന്നിട്ടും ഒരു ശവത്തോടൊപ്പം ഒറ്റക്ക് ഒരു രാത്രി ചെലവഴിക്കേണ്ടിവരുന്ന ആർക്കും സുഖമായി ഉറങ്ങാനാവുന്നില്ല. അതിന്റെ കാരണം നിങ്ങളുടെ അറിവിൽ നിങ്ങളുടെ ഹൃദയം വിശ്വാസം കൊള്ളുന്നില്ല എന്നതാണ്. ശവം കഴുകുന്നത് തൊഴിലാക്കിയവർക്ക് കുഴപ്പമില്ല. ഭയം കൂടാതെ ശവത്തോടൊപ്പം കഴിയാൻ അവർക്കു സാധിക്കും.

ദൈവത്തിന്റെ സർവവ്യാപകത്വം തത്വചിന്തകന്മാർ യുക്തിപരമായ തർക്കങ്ങളിലൂടെ സ്ഥാപിക്കുന്നുണ്ട്. എന്നാൽ യുക്തിചിന്തയിലൂടെയും ന്യായവാദങ്ങളിലൂടെയും സ്ഥാപിക്കപ്പെട്ട കാര്യങ്ങൾ ഹൃദയത്തിൽ പ്രവേശിച്ചുകൊള്ളണമെന്നില്ല. ഹൃദയത്തിനതിൽ വിശ്വാസം വരില്ല. തന്മൂലം ദിവ്യസാന്നിധ്യത്തിന്റെ ആചാരനടപടികൾ അവരുടെ കണ്ണിൽ പെടാതെ പോവുന്നു. തത്വചിന്താപരമായ തർക്കങ്ങൾ പരിചയമില്ലാതെ ദൈവത്തിൽ വിശ്വസിക്കുകയും അവന്റെ സാന്നിധ്യത്തെ ഹൃദയത്തിൽ കുടിയിരുത്തുകയും ചെയ്യുന്നവരുണ്ട്. അവർ ദിവ്യസാന്നിധ്യത്തിന്റെ ആചാരനടപടികൾ പാലിക്കുകയും തൗഹീദിന്റെ ശാസ്ത്രത്തിനു വിരുദ്ധമായതിൽ നിന്നെല്ലാം മാറിനിൽക്കുകയും ചെയ്യുന്നു. ഹൃദയത്തെ സ്വാധീനിക്കാത്ത വിധത്തിലുള്ള താർക്കിക പഠനങ്ങൾ അധികമാവും തോറും അജ്ഞതയുടെ ഘനം കൂടുകയാണ് ചെയ്യുക. പ്രവാചകന്മാരും ആത്മാർഥതയുറ്റ പുണ്യാത്മാക്കളും (ഔലിയാ എ ഖുല്ലാസ്) അവരുടെ സാരോപദേശ പ്രഭാഷണങ്ങളിൽ തത്വചിന്തയുടെ ഭാഷയും ന്യായ സമർഥന രീതിയും ഉപയോഗിച്ചിരുന്നില്ല. ജനങ്ങളുടെ ഹൃദയത്തോടും ആത്മാവിനോടുമാണ് അവർ സംസാരിച്ചത്. ന്യായവാദങ്ങളുടെ ഒടുവിൽ ലഭിക്കുന്ന തീർപ്പുകൾ ജനഹൃദയങ്ങളിലേക്കു പകർന്നുകൊടുക്കുകയാണ് അവർ ചെയ്തത്. ജനങ്ങളെ അവരുടെ ഹൃദയങ്ങളിലും ആത്മാക്കളിലും അവർ മാർഗദർശനം ചെയ്തു. തത്വചിന്തകന്മാരും ഗൂഢാർത്ഥവാദികളും മറകളെ പെരുപ്പിക്കുമ്പോൾ പ്രവാചകന്മാരും ഹൃദയത്തിന്റെ ആളുകളും അത്തരം മറകളെ ഉയർത്താൻ ശ്രമിക്കുന്നു. അവരുടെ കീഴിൽ പരിശീലനം നേടിയവർ യഥാർത്ഥ വിശ്വാസികളും ദൈവത്തെ തീവ്രമായി സ്നേഹിക്കുന്നവരുമായിത്തീർന്നു. അതേസമയം തത്വചിന്തകന്മാരുടെ ശിഷ്യന്മാരും അവരുടെ അധ്യാപനങ്ങളാൽ പരിശീലിപ്പിക്കപ്പെട്ടവരും ഹൃദയത്തിന്റേയോ ആത്മാവിന്റേയോ കാര്യത്തിൽ ഒന്നും ചെയ്യാനില്ലാത്ത തർക്കപ്രിയരുമായി മാറി.

തത്വചിന്തയിൽ നിന്നും ഇതര യൗക്തിക ശാസ്ത്രങ്ങളിൽ നിന്നും നിന്നെ നിരുത്സാഹപ്പെടുത്താനോ യുക്തിപരമായ അന്വേഷണങ്ങളിൽ നിന്നു പിന്തിരിപ്പിക്കനോ ഉദ്ദേശിച്ചുള്ളവയല്ല ഈ അഭിപ്രായങ്ങൾ. യുക്തിയെയും തത്വചിന്തയെയും ന്യായശാസ്ത്രത്തെയും ഒറ്റുകൊടുക്കലാവുമത്. തത്വചിന്തയും ന്യായശാസ്ത്രവും യഥാർത്ഥ ലക്ഷ്യത്തിലേക്കെത്തിച്ചേരാനുള്ള ഉപാധി മാത്രമാണ്. അവയൊരിക്കലും ലക്ഷ്യപ്രാപ്തിക്കും പ്രേമഭാജനത്തെ ദർശിക്കുന്നതിനും തടസ്സമായിത്തീരരുത് – ഇതാണു ഞാൻ പറയാനുദ്ദേശിച്ചത്. മറ്റു വാക്കുകളിൽ, ഈ അന്വേഷണങ്ങൾ മാർഗം മാത്രമാണ്; ലക്ഷ്യമല്ല. പരലോകത്ത് വിളവെടുപ്പുള്ള കൃഷിയിടം പോലെയാണീ ലോകം. അതേപോലെ തത്വചിന്താപരവും മറ്റുമായ ധൈഷണികാന്വേഷണങ്ങൾ അന്തിമലക്ഷ്യമായ ഒരു വിളവെടുപ്പിനു വേണ്ടിയുള്ള കൃഷിയിടങ്ങളാകുന്നു. ആരാധനാമുറകളെല്ലാം അത്യുന്നതനും മഹാനുമായ ദൈവത്തിലേക്കെത്തുന്നതിനുള്ള പാതയാകുന്നതുപോലെ. വിശ്വാസിയുടെ ആത്മീയാരോഹണ(മിഅ്റാജ്)മായ

സ്വലാത്ത്[14] (നിസ്ക്കാരം) ആണ് ഏറ്റവും ഉന്നതമായ ആരാധനാരൂപം. ദൈവത്തിൽ നിന്നുള്ളതും അവനിലേക്ക് ഉയർത്തുന്നതുമത്രെ ഇവയെല്ലാം. എല്ലാ സൽക്കർമ്മങ്ങളും (മഅ്റൂഫ്) അവനിലേക്കെത്തിക്കുന്ന ചവിട്ടുപടികളാണ്. വിലക്കപ്പെട്ട കാര്യങ്ങൾ അവനിലേക്കുള്ള വഴിയിലെ പ്രതിബന്ധങ്ങളുമാണ്. ആശയകലുഷമായ ഈ ലോകം മുഴുവൻ അവനെ ആഗ്രഹിക്കുന്നു. അവന്റെ സൗന്ദര്യം അവയെ വശീകരിച്ചിരിക്കുന്നു.

നാം നമ്മുടെ ഗാഢനിദ്രയിൽ നിന്നുണർന്ന് ആത്മീയ യാത്രയുടെ ഒന്നാമത്തെ ഘട്ടമായ ഉണർച്ച (യഖ്ള)യിലേക്കു നീങ്ങുമെന്നാണ് എന്റെ പ്രതീക്ഷ. ഉന്നതനും മഹാനുമായ ദൈവം അവന്റെ ഗോപ്യവഴിക്കുള്ള അനുഗ്രഹങ്ങളിലൂടെ നമ്മെ സഹായിക്കുകയും അവനിലേക്കും അവന്റെ സൗന്ദര്യത്തിലേക്കും നമ്മെ അടുപ്പിക്കുകയും ചെയ്യട്ടെ. ദൂതഷിതവും കലാപം കൂട്ടുന്നതുമായ ഈ ഭൗതികാത്മാവിന്റെ കുന്ന് കീഴടങ്ങുമെന്നും അതിന്റെ കലാപം നിലക്കുമെന്നും ഞാനാഗ്രഹിക്കുന്നു. ഭാരമേറിയ ഈ ചുമടിൽ നിന്ന് മേചിതരായി നമുക്ക് ദൈവത്തിലേക്ക് അനായാസം ആരോഹണം ചെയ്യാൻ സാധിക്കുമെന്നും ഞാനാഗ്രഹിക്കുന്നു. മെഴുകുതിരിനാളത്തിൽ സ്വയം ആഹുതി ചെയ്യുന്ന ഈയാംപാറ്റകളെപ്പോലെ ദൈവിക സൗന്ദര്യത്തിൽ സ്വയമൊടുങ്ങാൻ നമുക്കായെങ്കിൽ! നമ്മുടെ ഫിത്വറക്കിണങ്ങും വിധം ചുരുങ്ങിയ ഒരു ചുവടെങ്കിലും മുന്നോട്ടുവെക്കാനും ഫിത്വറയെ നിർദയം ഞെരിച്ചമർത്തുന്നതിൽ നിന്നകന്നു നില്ക്കാനും ആയെങ്കിൽ. സാക്ഷാത്ക്കരിക്കാനുതകുന്ന മാർഗങ്ങളൊന്നും ശേഷിച്ചിട്ടില്ലാത്ത ഇങ്ങനെ അനവധി ആഗ്രഹങ്ങൾ മരണത്തിന്റെ വിളി കാത്തു നിൽക്കുന്ന ഈ പ്രായത്തിൽ എന്നെ സദാ അലട്ടിക്കൊണ്ടിരിക്കുന്നു.

മകനേ,

നീ നിന്റെ യുവത്വം ശരിക്കും പ്രയോജനപ്പെടുത്തുക. അത്യുന്നതനും മഹാനുമായ ദൈവത്തെ ഓർത്തും സ്നേഹിച്ചും നീ നിന്റെ തന്നെ ദൈവദത്തമായ ഫിത്വറക്കനുസൃതമായി ജീവിക്കുക. നിരന്തരമായ ഈ ദൈവസ്മരണ നിന്നെയൊരിക്കലും സാമൂഹികവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങളിൽ നിന്നോ ദൈവത്തിന്റെ മതത്തിനും അവന്റെ സൃഷ്ടികൾക്കും സേവനം ചെയ്യുന്നതിൽ നിന്നോ തടയില്ല. പ്രത്യുത അത് നിന്നെ നിന്റെ പാതയിൽ സഹായിക്കുകയാണ് ചെയ്യുക. ദൈവത്തിന്റേയും അവന്റെ സൃഷ്ടികൾക്കും സേവനം ചെയ്യുന്നതിന്റേയും പേരിൽ മനുഷ്യനെ വഴിതെറ്റിക്കുന്ന അകത്തും പുറത്തുമുള്ള പിശാചുക്കളുടേയും ശാരീരികാത്മാവിന്റേയും കുതന്ത്രങ്ങളെ കുറിച്ചു ജാഗ്രത പാലിക്കുകയും വേണം. സാത്താന്മാർ മനുഷ്യനെ ദൈവത്തിൽ നിന്നകറ്റി തങ്ങളുടെ സ്വന്തം ആഗ്രഹങ്ങളിലേക്ക് തെളിക്കുന്നു.

ദൈവമാർഗത്തെ സ്വയം തേടലിന്റെ മാർഗത്തിൽ നിന്നു വേർതിരിച്ചറിയുന്നതിനുള്ള ജാഗ്രത പാലിക്കലും ആത്മപരിശോധനയും ആത്മീയ യാത്രയിലെ ഇടസ്ഥാനങ്ങളിലൊന്നാണ്. ഇതിൽ ദൈവം നമ്മെ സഹായിക്കട്ടെ. അകത്തെ പിശാച്, ഞങ്ങൾ വൃദ്ധന്മാരെ ഒരുവിധത്തിലും യുവാക്കളായ നിങ്ങളെ മറ്റൊരുവിധത്തിലുമാണ് വഞ്ചിക്കുക. വർത്തമാനത്തോടുള്ള നിസ്സംഗതയും നൈരാശ്യവും ആയുധമാക്കിയാണ് പിശാച് ഞങ്ങളെ സമീപിക്കുക. ദൈവസാമീപ്യം നേടുന്നതിനും ദൈവത്തെ സ്മരിക്കുന്നതിനും തടയിട്ടുകൊണ്ട് ഞങ്ങളോടവൻ പറയും: ''നിന്റെ നില മെച്ചപ്പെടുത്താനുള്ള സമയം വളരെ വൈകി. യുവത്വത്തിന്റെ ഉല്പാദനക്ഷമമായ നാളുകൾ കഴിഞ്ഞുപോയി. ഈ വയസ്സുകാലത്ത്, ക്ഷീണത്തിന്റെ ഈ നാളുകളിൽ, നിനക്ക് നിന്റെ അവസ്ഥ മെച്ചപ്പെടുത്താനുള്ള ത്രാണിയില്ല. നിന്റെ ഉണ്മയുടെ എല്ലാ ഭാഗങ്ങളിലും വികാരങ്ങളും പാപങ്ങളും വേരോടിക്കഴിഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ സാമീപ്യം നേടാൻ നീ യോഗ്യനല്ല. അതിനുള്ള അവസരവും നഷ്ടപ്പെട്ടു കഴിഞ്ഞു. അതിനാൽ നിനക്ക് നല്ലത് ഈ അവസാന നാളുകളിൽ ജീവിതം കഴിയാവുന്നത്ര ആസ്വദിക്കുക എന്നുള്ളതാണ്.'' പിശാച് ചിലപ്പോൾ യുവാക്കളോട് പയറ്റുന്ന സൂത്രം തന്നെ പ്രായമായ ഞങ്ങളോടും പ്രയോഗിക്കുന്നു. നിങ്ങളോടവൻ പറയുക ഇങ്ങനെയാവും: ''നിങ്ങൾ ചെറുപ്പക്കാരാണ്. ആസ്വാദനത്തിന്റേയും ആഹ്ലാദത്തിന്റേയും പ്രായമാണിത്. ഇപ്പോൾ നിങ്ങൾ നിങ്ങളുടെ വികാരങ്ങളെ പിന്തുടരുക. ജീവിതത്തിൽ പശ്ചാത്തപിക്കാൻ ഇനിയും ധാരാളം സമയമുണ്ട്. ദൈവം ദയാപരയും കാരുണ്യവാനുമാണ്. ഇപ്പോൾ നിങ്ങൾ എത്ര കൂടുതൽ പാപം ചെയ്യുന്നുവോ അത്ര വലുതായിരിക്കും ഭാവിയിൽ നിങ്ങൾക്കുണ്ടാവുന്ന പശ്ചാത്താപവും ദൈവശ്രദ്ധയും. ദൈവത്തോടുള്ള നിങ്ങളുടെ ബന്ധവും അത്രകണ്ട് സുദൃഢമായിരിക്കും. യൗവനം നല്ലപോലെ ആസ്വദിക്കുകയും ജീവിതത്തിന്റെ സായം കാലത്ത് ആരാധനയിലും ഇമാമുകളുടെ ശവകുടീരങ്ങളിലേക്കുള്ള

[14] അല്ലാമാ മജ്ലിസി, ഇഅ്ത്തിഖാദാത്ത്, പേ. 29

തീർത്ഥാടനത്തിലും മുഴുകി അവരുടെ ശുപാർശ (ശഫാഅത്ത്)യിൽ ആലംബം കണ്ടെത്തിയ എത്രയോ പേരുണ്ട്. ഒടുവിലവർ ആനന്ദത്തോടെ ഈ ലോകത്തോട് വിടപറഞ്ഞു.'' ഞങ്ങളെപോലുള്ള വയസ്സന്മാരുടെ മറ്റൊരു പ്രചോദനം ഇതാണ്. (ഞങ്ങൾ സ്വയം പറയും): ''നീ ഉടനെ മരിക്കുമെന്ന് തീർച്ചയില്ല. ഇനിയും കുറച്ചുകൂടി സമയമുണ്ട്. ജീവിതത്തിന്റെ ഏറ്റവും അവസാനം വെച്ച് ഖേദിച്ചു മടങ്ങാം. മാത്രമല്ല പ്രവാചകന്റെ ശുപാർശയുടെ വാതിൽ തുറന്നുകിടക്കയുമാണ്. വിശ്വാസികളുടെ നേതാവായ ഇമാം തന്റെ മിത്രങ്ങൾ ശിക്ഷിക്കപ്പെടുന്നത് ഇഷ്ടപ്പെടുകയില്ല. നിന്റെ മരണസമയത്ത് അദ്ദേഹം നിന്നെ സന്ദർശിക്കുകയും രക്ഷപ്പെടുത്തുകയും ചെയ്യും.'' ഇങ്ങനെയുള്ളതും അല്ലാത്തതുമായ അനേകം പ്രലോഭനങ്ങൾ മനുഷ്യനു സ്വയം തോന്നിക്കൊണ്ടിരിക്കും.

മകനേ,

നിനക്കിപ്പോൾ ചെറുപ്പമാണ്. ചെറുപ്പത്തിൽ പശ്ചാത്താപം എളുപ്പമാണെന്നോർക്കുക. ആത്മസംസ്കരണവും സ്വയം ശുദ്ധീകരണവും ഈ പ്രായത്തിൽ എളുപ്പം സാധിക്കും. ആഗ്രഹാഭിലാഷങ്ങളും ധനപ്രേമവും സ്വാഭിമാനവും, ആത്മാവ് ലോലവും വഴങ്ങുന്നതുമായ യൗവനകാലത്തേക്കാൾ, ശക്തമായിരിക്കും വാർദ്ധക്യകാലത്ത്. ചെറുപ്പകാലത്ത് ദേഹേച്ഛകളുടെ പിടിയിൽ നിന്ന് എളുപ്പം മോചനം നേടാനും ആത്മീയതയുടെ മാർഗത്തിലേക്ക് തിരിയാനും സാധിക്കും. ധാർമികോൽബോധനങ്ങളും ഉപദേശങ്ങളും വയസ്സന്മാരേക്കാൾ യുവാക്കളിലാണ് കൂടുതൽ സ്വാധീനമുണ്ടാക്കുക. പൈശാചികവും ശാരീരികവുമായ പ്രലോഭനങ്ങളെ കുറിച്ച് യുവാക്കൾ ബോധവാന്മാരായിരിക്കണം. മരണം സമീപത്തുതന്നെയുണ്ട് എന്ന കാര്യത്തിൽ വൃദ്ധരും യുവാക്കളും തുല്യരാണ്. വൃദ്ധനാകുന്നതുവരെ ജീവിച്ചിരിക്കുമെന്ന് യുവാക്കൾക്കെന്തുറപ്പാണുള്ളത്? വിധിവിഹിതത്തിൽ നിന്നു സുരക്ഷിതരായി ആരാണുള്ളത്. യഥാർത്ഥത്തിൽ, സാധാരണ അപകടങ്ങൾ യുവാക്കളെയാണധികം ബാധിക്കുന്നത്.

മകനേ,

ഈ സന്ദർഭം പാഴാക്കരുത്. യൗവനത്തിൽ തന്നെ സ്വയം സംസ്കരിക്കുക. തങ്ങൾ ഈ ലോകത്ത് നിലനിൽക്കുന്നിടത്തോളം കാലം തങ്ങളുടെ അപരാധങ്ങൾക്കും പാപങ്ങൾക്കും പ്രായശ്ചിത്തം ചെയ്യാൻ അവസരമുണ്ട് എന്ന് പ്രായം ചെന്നവരും മനസ്സിലാക്കണം. ഈ ലോകത്തോട് വിടപറഞ്ഞു കഴിഞ്ഞാൽ തങ്ങളുടെ നില മെച്ചപ്പെടുത്താൻ അവർക്ക് ഇനിയൊരവസരം ലഭിക്കുകയില്ല. ഔലിയാഇന്റെ മധ്യവർത്തിത്വത്തിൽ പ്രതീക്ഷയർപ്പിച്ച് പാപങ്ങളിൽ മുഴുകാനുള്ള സാഹസം പിശാചുണ്ടാക്കുന്ന വലിയ ഭ്രമങ്ങളിലൊന്നാണ്. ഔലിയാഅ് ഇടപെടും എന്ന് പ്രതീക്ഷിച്ചു പാപം ചെയ്യാൻ മുതിരുകയും ദൈവചിന്ത ഇല്ലാതാവുകയും ചെയ്തവരുടെ അവസ്ഥയെന്തെന്നാലോചിക്കുക. അവരുടെ കരച്ചിലും വിലാപങ്ങളും അർഥനകളും ചെവിയോർത്ത്; അതിൽ നിന്ന് പാഠം  പഠിക്കുക. ഒരു നിവേദനമനുസരിച്ച്, ഇമാം സാദിഖ്(അ) തന്റെ ജീവിതത്തിന്റെ അന്ത്യനാളുകളിലൊരിക്കൽ തന്റെ ബന്ധുക്കളെയും കുടുംബാഗങ്ങളെയും അരികെ വിളിച്ചു ഏതാണ്ടിപ്രകാരം പറഞ്ഞു: ''നാളെ നിങ്ങൾ ദൈവത്തിന്റെയടുക്കൽ പോവുമ്പോൾ നിങ്ങളുടെ പ്രവർത്തനങ്ങളുമായി ചെല്ലുക. ഞാനുമായുള്ള രക്തബന്ധം നിങ്ങൾക്കെന്തെങ്കിലും പ്രയോജനം ചെയ്യുമെന്ന് നിങ്ങൾ വിചാരിക്കരുത്. ശുപാർശകരുമായി ആത്മീയബന്ധം സ്ഥാപിച്ചെടുക്കുന്നതിൽ വിജയിച്ച് ശുപാർശ ലഭിക്കാൻ യോഗ്യരാവും വിധം ദൈവവുമായി അടുത്തവർക്കാണ് ശുപാർശയുടെ മെച്ചം ലഭിക്കുക. മരണാനന്തര ശുദ്ധീകരണ (ബർസഖ്) ഘട്ടത്തിലും നരകത്തിൽ വെച്ചുപോലും നടക്കുന്ന കടുത്ത ദണ്ഡനങ്ങളുടെ ശേഷവും അത്തരം ബന്ധം സ്ഥാപിക്കുന്നതിൽ വിജയിക്കാത്തവർ, ദൈവത്തിനു മാത്രമേ അറിയൂ, ആ നിലയിൽ അവരെത്രകാലം തുടരുമെന്ന്. മാത്രമല്ല, ശുപാർശയെ സംബന്ധിച്ച് സന്തോഷത്തിനു വകതരാത്ത ചില വചനങ്ങളുണ്ട് ഖുർആനിൽ. അല്ലാഹു ചോദിക്കുന്നു: അവന്റെ അനുവാദമില്ലാതെ അവന്റെയടുക്കൽ ശുപാർശ ചെയ്യുന്നതാരാണ്? (വി.ഖു. 2:255). അവൻ വീണ്ടും പറയുന്നു: അവൻ തൃപ്തിപ്പെട്ടവനു വേണ്ടിയല്ലാതെ അവർ ശുപാർശ ചെയ്യുകയില്ല. (വി.ഖു. 21:28). ഈ വിധത്തിലുള്ള വേറെയും സൂക്തങ്ങളുണ്ട്. ശുപാർശ ഉണ്ടെങ്കിലും അതാർക്ക് ഏതു സാഹചര്യത്തിൽ എപ്പോൾ ലഭിക്കും എന്നതാണ് പ്രശ്നം. ഗർവ്വിനും കൂസലില്ലായ്മക്കും അവസരമില്ലാതാക്കുന്നതാണ് ഈ സംഗതികൾ. തീർച്ചയായും ശുപാർശയിൽ നമുക്ക് പ്രതീക്ഷയുണ്ട്. പക്ഷേ, ആ പ്രതീക്ഷ നമ്മെ ദൈവാനുസരണയിലേക്കാണ് നയിക്കേണ്ടത്. പാപത്തിലേക്കും അപരാധങ്ങളിലേക്കുമല്ല.

മകനേ,

അന്യരുടെ അവകാശങ്ങൾ കവർന്നെടുക്കുകമൂലം അവർക്കു നിനക്കെതിരിൽ അവകാശവാദങ്ങൾ നിലനില്ക്കെ ഈ ലോകത്തോടു വിടപറയാൻ ഇടവരരുത്. കാരണം, അതു നിന്നെ കടുത്ത പ്രയാസത്തിൽ കൊണ്ടുചെന്നെത്തിക്കും. ദയാപരനും കരുണാവാരിധിയുമായ ദൈവവുമായുള്ള കണക്ക് നമുക്ക് എളുപ്പം തീർക്കാനാവും. എന്നാൽ ജനങ്ങളുമായുള്ള ഇടപാട് അങ്ങനെയല്ല. ജനങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച് നിന്റെയും എന്റെയും സകല സത്യവിശ്വാസികളുടേയും കാര്യത്തിൽ ഞാൻ അല്ലാഹുവോട് ശരണം തേടുന്നു. വിശിഷ്യാ നിരാലംബരുമായുള്ള നമ്മുടെ പെരുമാറ്റത്തിൽ. പാപത്തെയും, ദൈവത്തിന്റെ അവകാശങ്ങളേയും സംബന്ധിച്ച് നീ ശ്രദ്ധ ചെലുത്തേണ്ടതില്ല എന്ന് ഇതിനർത്ഥമാക്കരുത്. ചില ഖുർആൻ സൂക്തങ്ങളെ അവയുടെ അക്ഷരാർത്ഥത്തിൽ നാം പരിഗണിക്കുകയാണെങ്കിൽ പാപികളുടെ പ്രയാസങ്ങൾ വളരെ കടുത്തതായിരിക്കും. അതിൽ നിന്ന് ശുപാർശ മുഖേനയുള്ള മോചനം നീണ്ട കാലയളവിനും അനേകം ഘട്ടങ്ങൾക്കും ശേഷമേ സാധിക്കുകയുള്ളൂ. മനുഷ്യന്റെ വിചാരങ്ങളും പ്രവർത്തനങ്ങളും അവയുടെ സവിശേഷതകളോടെ മരണശേഷം ഉടലെടുത്ത് പുനരുത്ഥാനഘട്ടം വരെയും പിന്നീടവയിൽ നിന്നു വിമുക്തി നേടുന്നതുവരെയും അവനെ പിന്തുടരുമെന്നതും ഖബറിലും നരകത്തിലും അതുവഴി അവൻ ശിക്ഷകളും പ്രയാസങ്ങളും അനുഭവിക്കേണ്ടിവരുമെന്നതും അതിനിടയിൽ ശുപാർശകരുമായി ബന്ധം സ്ഥാപിക്കുന്നതിനും ശുപാർശയുടെ ഫലം ആസ്വദിക്കുന്നതിനും അവനു കഴിയില്ലെന്നതും മതി നമ്മുടെ മുതുകൊടിക്കാൻ. വിശ്വാസികളെ ഗൗരവപൂർണമായ പരിചിന്തനത്തിന് പ്രേരിപ്പിക്കുന്നതിനും പര്യാപ്തമാണിവ. ഇതിന്റെ വിപരീതമാണ് സത്യം എന്ന് ആർക്കും തീർച്ചയോടെ വാദിക്കാനാവില്ല. ഭൗതികാത്മാവാകുന്ന പിശാച്, കറുപ്പും വെളുപ്പും തമ്മിലുള്ള വ്യത്യാസം നിഷേധിക്കാൻ പ്രേരണ നൽകിക്കൊണ്ട് സത്യത്തിന്റെ മാർഗം അവന്റെ മുമ്പിൽ അടച്ചു കളയുന്നിടത്തോളം അവനെ കീഴ്പ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടെങ്കിലല്ലാതെ. ആന്തരികമായി അന്ധത ബാധിച്ച അങ്ങനെയുള്ള ധാരാളമാളുകളുണ്ട്. നമ്മുടെ സ്വത്വങ്ങളുടെ തിന്മകളിൽ നിന്ന് ദൈവം നമ്മെ രക്ഷിക്കട്ടെ.

മകനേ,

അവസരം നഷ്ടപ്പെടുത്തരുത്. ധാർമികഗുണങ്ങളും സ്വഭാവവും മെച്ചപ്പെടുത്താൻ ഉത്സാഹിക്കുക; ക്ലേശങ്ങളും പീഢകളുമാണ് അതിനെ തുടർന്നുവരുന്നതെങ്കിലും. ക്ഷണികമായ ഈ ലോകവുമായുള്ള കെട്ടുപാട് കുറക്കാൻ ശ്രമിക്കുക. ഏതെങ്കിലുമൊരു നിർണായക ഘട്ടത്തിലെത്തുമ്പോൾ സ്വത്വത്തിൽ നിന്ന് ശാരീരികാത്മാവാകുന്ന പിശാചിനെ ഓടിച്ചു സത്യത്തിന്റെ പാത പിന്തുടരുകയും അസത്യത്തിന്റെ വഴി വർജ്ജിക്കുകയും ചെയ്യുക.

ഈ മരണമൊഴിയിൽ ഉൾപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്ന ഒരു പ്രധാന കാര്യം, സാധാരണഗതിയിൽ അവകാശങ്ങൾ ഹനിക്കപ്പെടുന്നവരും ആലംബമില്ലാത്തവരുമായ എല്ലാ വിഭാഗങ്ങളെയും നീ സഹായിക്കണം എന്നതാണ്. നിന്റെ സർവ കഴിവുകളും വിഭവങ്ങളും മർദ്ദിതർക്കു സേവനം ചെയ്യുന്നതിനും മർദ്ദകരെ പ്രതിരോധിക്കുന്നതിനുമായി നീ വിനിയോഗിക്കുക. അങ്ങനെയുള്ള പ്രവർത്തനം പര പരലോകയാത്രയിൽ ഏറ്റവും നല്ല പാഥേയവും ദൈവത്തിനും ഇസ്‌ലാമിനും വേണ്ടിയുള്ള ഏറ്റവും നല്ല സേവനവുമാകുന്നു. ഇസ്‌ലാമിക ഭരണകൂടത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക നിന്റെ കർത്തവ്യമാണ്. തലപ്പത്തുള്ളവരെയും ഇസ്‌ലാമിക് റിപ്പബ്ലിക്കിന്റെ ഉദ്യോഗസ്ഥന്മാരെയും സഹായിക്കൽ ഇസ്‌ലാമികവും മാനുഷികവും ദേശീയവുമായ ചുമതലയത്രെ. കാര്യബോധമുള്ളവരും കുലീനരുമായ ജനത ഈ കർത്തവ്യം വിസ്മരിക്കില്ലെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇതുവരെ അവർ തുടർന്നുവന്നതും ഇപ്പോഴും നിലനിർത്തുന്നതുമായ രാഷ്ട്രീയ രംഗത്തെ ജാഗ്രത അതേ രീതിയിൽ ഇനിയും അവർക്കുണ്ടാവട്ടെ. അവരുടെ പിന്തുണയോടുകൂടിയാണ് ഇസ്‌ലാമിക രാഷ്ട്രവും ഭരണകൂടവും നിലവിൽ വന്നതും അതിജീവിച്ചതും. ഇവിടെ നിന്നങ്ങോട്ടും ഇപ്പോഴുള്ളതും വരാനിരിക്കുന്നതുമായ തലമുറകൾ അതിനോടു കൂറുള്ളവരായിരിക്കണം. എങ്കിലേ അത് നിലനിൽക്കുകയും കൂടുതൽ ശക്തമാവുകയും ചെയ്യുകയുള്ളൂ. ദൈവവുമായുള്ള നമ്മുടെ ഉടമ്പടി നാം പാലിക്കുന്നിടത്തോളം കാലം അവൻ നമ്മെ തുണക്കും. അതുപോലെ രാജ്യത്തിനകത്തും വിദേശത്തുമുള്ള കുറ്റവാളികളുടെ ഗൂഢപദ്ധതികളെ അത്ഭുതകരമായ രീതിയിൽ തകർത്ത ദൈവം ഇനിയുമുണ്ടാവുന്ന അത്തരം ഗൂഢാലോചനകളെ പരാജയപ്പെടുത്തുന്നതാണ്. നാമെല്ലാവരും ഓർത്തിരിക്കേണ്ട സംഗതികളാണിത്.

ബഹുമാന്യരായ സായുധ സേനാംഗങ്ങൾ, പ്രിയപ്പെട്ട കാവൽ സൈനികർ, സന്നദ്ധസേനകൾ, പട്ടാളത്തിലേയും സുരക്ഷാവിഭാഗത്തിലേയും മറ്റു വിഭാഗങ്ങൾ, ജനകീയസേനകൾ എന്നിവർ ലോകത്തിലെ വൻശക്തികളുടെ നുകക്കീഴിൽ നിന്നുള്ള മോചനത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും

മാധുര്യം രുചിച്ചറിഞ്ഞിട്ടുണ്ടെന്നു ഞാൻ കരുതുന്നു. അവർ അന്യരുടെ ബന്ധനത്തിൽ കഴിയുന്നിനേക്കാൾ സ്വാതന്ത്ര്യത്തിനു മുൻഗണന നൽകി. പാരതന്ത്ര്യത്തിനു പകരമായുള്ള എല്ലാറ്റിനേയും അല്ലലില്ലാത്ത ജീവിതത്തെപ്പോലും അവർ ത്യജിച്ചു. സാത്താനിക ശക്തികളെ ആശ്രയിക്കേണ്ടിവരിക എന്ന അപമാനം സഹിക്കാൻ അവർ കൂട്ടാക്കിയില്ല. നാണംകെട്ട ജീവിതത്തേക്കാൾ മഹാന്മാരായ പ്രവാചകന്മാരുടേയും ഇമാമുകളുടേയും പാത പിന്തുടർന്ന് ധീരതയുടെ രണാങ്കണങ്ങളിൽ, ദൈവമാർഗത്തിൽ, രക്തസാക്ഷിത്വം എന്ന ആദരണീയമായ മരണം അവർ തിരഞ്ഞെടുത്തു. ചെറുപ്പക്കാരും മുതിർന്നവരുമായ നമ്മുടെ സ്ത്രീ പുരുഷന്മാരുടെ ഇസ്ലാമികമായ ആവേശവും ദൈവമാർഗത്തിലുള്ള സമർപ്പണവും സ്നേഹവും വർദ്ധിപ്പിക്കാനും അവരെ സത്യമാർഗത്തിൽ ഉറപ്പിച്ചു നിർത്താനും അങ്ങനെ ലോകത്തുടനീളം ഇസ്ലാമിന്റെ തേജോമയങ്ങളായ അധ്യാപനങ്ങൾ പ്രചരിപ്പിക്കാൻ അവരെ സഹായിക്കുവാനും അല്ലാഹുവിനോട് ഞാൻ ഇരക്കുന്നു.

മകനേ,

വ്യക്തിപരവും കുടുംബപരവുമായ കാര്യങ്ങളെ കുറിച്ചുകൂടി ഏതാനും വാക്കുകൾ പറഞ്ഞു ഞാനെന്റെ ഈ അതിഭാഷണം അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നു. എന്റെ പ്രിയപ്പെട്ട മകനെ, നിന്നോടുള്ള എന്റെ ഏറ്റവും പ്രധാനപ്പെട്ട ഉപദേശം, നിന്റെ കൂറുള്ള മാതാവിനെ പരിചരിക്കണമെന്നതാണ്. മാതാക്കളുടെ എണ്ണമറ്റ അവകാശങ്ങൾ തിട്ടപ്പെടുത്തുക അസാധ്യമാണ്. അവ പൂർത്തീകരിക്കുന്നതിൽ വിജയിക്കുകയും സാധ്യമല്ല. തന്റെ കുട്ടിയെ പരിപാലിക്കുന്ന മാതാവിന്റെ ഒരു രാത്രി, കുട്ടികളോട് ഏറെ പ്രതിബദ്ധതയുള്ള പിതാവിന്റെ ജീവിതത്തിലെ അനേകം വർഷങ്ങളേക്കാൾ വിലപ്പെട്ടതാണ്. മാതൃനയനങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന കാരുണ്യവും ദയയും വിശ്വങ്ങളുടെ നാഥന്റെ കാരുണ്യത്തിന്റേയും ദയയുടേയും സ്ഫുലിംഗമാണ്. മഹാനും ദയാപരനുമായ ദൈവം മാതാക്കളുടെ ആത്മാക്കളിലും ഹൃദയങ്ങളിലും അവന്റെ കാരുണ്യവും ശ്രദ്ധയും വിവരണാതീതമാം വിധം നിറച്ചിരിക്കുന്നു. അവന്റെ അനശ്വര കാരുണ്യം മൂലമാണ് ദൈവിക സിംഹാസനം (അർശ്)പോലെ കരുത്തനായ മാതാക്കൾക്ക് ബീജധാരണം മുതൽ ഗർഭകാലവും പ്രസവവും കഴിഞ്ഞ് ജീവിതാന്ത്യം വരെ മാതൃത്വത്തിന്റെ ക്ലേശങ്ങളും വേദനകളും സഹിക്കാനുള്ള ശക്തി ലഭിക്കുന്നത്. പിതാക്കൾക്ക് ഒരു രാത്രിപോലും താങ്ങാനാവാത്ത കാര്യങ്ങളാണിവ.

സ്വർഗം മാതാക്കളുടെ കാല്പാദങ്ങൾക്കടിയിലാണ്[15] എന്ന് ഹദീസിൽ പ്രസ്താവിച്ചത് ഒരു യാഥാർത്ഥ്യമാണ്. അതിന്റെ പ്രാധാന്യാധിക്യത്തിൽ ഊന്നാനും മാതൃപാദങ്ങൾക്കടിയിലെ ധൂളിയിൽ സ്വർഗം തേടുന്നതിന് കുട്ടികളെ ഓർമ്മപ്പെടുത്താനുമാണ് ഈ ശൈലിയിൽ പ്രസ്താവിച്ചത്. മാതാവിനെ ആദരിക്കുന്നത് ദൈവാരാധനയാണെന്നും മാതൃപ്രീതിയിൽ ദൈവപ്രീതി തേടണമെന്നും ബോധ്യപ്പെടുത്താനുമാണ് ഇങ്ങനെ പറഞ്ഞത്. എല്ലാ മാതാക്കളും ഉത്തമമാതൃകകളെങ്കിലും അവരിൽ ചിലർക്ക് ചില വിശേഷഗുണങ്ങളുമുണ്ടാവും. നിന്റെ ഉമ്മ കുട്ടികളെ പരിപാലിക്കുന്നതിന് രാപ്പകലുകൾ ഉഴിഞ്ഞുവെച്ചതിനെകുറിച്ചുള്ള ചില ഓർമ്മകളുണ്ടെനിക്ക്. പ്രസ്തുത ഗുണങ്ങൾ ഞാൻ അവരിൽ കാണുകയുണ്ടായിട്ടുണ്ട്. എന്റെ മരണമാനന്തരവും അവളെ സേവിക്കാനും അവളുടെ സംതൃപ്തി അന്വേഷിക്കാനും നിങ്ങളെക്കൊണ്ടാവും വിധം പരിശ്രമിക്കണമെന്ന് നിന്നോടും എന്റെ മറ്റു കുട്ടികളോടും ഞാൻ ഉപദേശിക്കുന്നു. നിങ്ങളെയെല്ലാവരെയും പ്രതി എത്രക്ക് സംതൃപ്തയായിട്ടാണോ ഞാനിപ്പോൾ അവരെ കാണുന്നത് അത്രതന്നെ സംതൃപ്തിയുള്ളവരായിരിക്കാൻ എന്റെ മരണാനന്തരവും നിങ്ങൾ പരമാവധി ശ്രമിക്കുക. എന്റെ കാലത്തു തന്നെ അവരെ നിങ്ങൾ പരമാവധി സേവിക്കുക. എനിക്കു ശേഷം അതിൽ കൂടുതലായും.

മകനേ, അഹ്മദ്!

ബന്ധുക്കളോടും കുടുംബക്കാരോടും വിശിഷ്യാ സഹോദരിമാരോടും മരുമക്കളോടും, കാരുണ്യത്തോടെയും വാത്സല്യത്തോടെയും പെരുമാറുവാൻ ഞാൻ ഉപദേശിക്കുന്നു. ആത്മാർത്ഥതയോടെയും സ്വയം ത്യജിച്ചും പെരുമാറുക. എല്ലാ മക്കളോടുമുള്ള എന്റെ അവസാനത്തെ ഉപദേശം നിങ്ങളുടെ എല്ലാ കാര്യങ്ങളിലും നിങ്ങൾ ഏകാഭിപ്രായക്കാരായിരിക്കണമെന്നതാണ്. പരസ്പരം സ്നേഹത്തോടെയും കാരുണ്യത്തോടെയും വർത്തിക്കണമെന്നാണ്. ദൈവമാർഗം പിന്തുടരണമെന്നും അവന്റെ മർദ്ദിതരായ സൃഷ്ടികളെ സേവിക്കണമെന്നുമാണ്. കാരണം അത് ഈ ലോകത്തിലും പരലോകത്തിലും നിങ്ങൾക്ക് ഗുണകരമായിരിക്കും. മതശാസ്ത്രങ്ങളുടെ പഠനത്തിൽ

[15] അലി അൽമുത്തഖി അൽഹിന്ദി: കൻസുൽ ഉമ്മാൻ, ഹദീസ് നമ്പർ 45439.

ഉപേക്ഷ വരുത്തരുതെന്ന് എന്റെ കൺമണിയായ ഹുസൈനെ ഞാനുപദേശിക്കുന്നു. ദൈവം സമ്മാനിച്ച പ്രതിഭ പാഴാക്കിക്കളയരുതെന്ന്, മാതാവിനോടും പെങ്ങളോടും സ്നേഹത്തോടെയും കാരുണ്യത്തോടെയും പെരുമാറണമെന്ന്, ഭൗതികനേട്ടങ്ങളെ വെറുക്കണമെന്ന്, നിന്റെ യുവത്വത്തിൽ ദൈവാനുസരണയുടെ ശരിയായ മാർഗം പിന്തുടരണമെന്ന് ഞാൻ ഉപദേശിക്കുന്നു.

അഹ്മദിനോടുള്ള എന്റെ അവസാനത്തെ ഉപദേശം നിന്റെ മക്കളെ ശരിയായവിധം വളർത്തുകയും പരിശീലിപ്പിക്കുകയും വേണമെന്നാണ്. കൗമാരം മുതൽക്കുതന്നെ പ്രിയ ഇസ്ലാമിനെ അവർക്ക് പരിചയപ്പെടുത്തണമെന്നും തന്റെ എല്ലാ ബന്ധുക്കളേയും സേവിക്കണമെന്നുമാണ്. എല്ലാ സുകൃതികൾക്കും ദിവ്യോപചാരം! എന്റെ തെറ്റുകളും കുറ്റങ്ങളും ക്ഷമിക്കണമെന്ന് എന്റെ ബന്ധുക്കളോട്, വിശേഷിച്ച് എന്റെ മക്കളോട് ഞാൻ അപേക്ഷിക്കുന്നു. എന്റെ പക്കൽനിന്ന് വന്നിരിക്കാവുന്ന അനീതികൾ പൊറുത്ത് എന്നോട് കരുണകാണിക്കുക. നിശ്ചയമായും കാരുണ്യവാന്മാരിൽ വെച്ചേറ്റവും കാരുണ്യവാൻ തന്നെയാണ് ദൈവം. സൗഭാഗ്യത്തിന്റേയും സ്ഥിരചിത്തതയുടേയും മാർഗത്തിൽ എന്റെ ബന്ധുക്കളെ സഹായിക്കണമെന്ന്, സർവ്വാശ്ലേഷിയായ കാരുണ്യത്താൽ അവരെ പൊതിയണമെന്ന്, ഇസ്ലാമിനും മുസ്ലിംകൾക്കും ശക്തിനല്കണമെന്ന്, 'മുസ്തക്ബിരീ'ങ്ങളെയും[16] മർദ്ദകരായ വൻ ശക്തികളെയും ദുഷ്ചെയ്തികളിൽ നിന്ന് തടയണമെന്ന് അത്യുദാരനായ ദൈവത്തോട് ഞാൻ കേണപേക്ഷിക്കുന്നു.

റൂഹുല്ലാഹ്

അൽമൂസവി അൽഖുമൈനി

റജബ് 4, 1402.

ഏപ്രിൽ 28, 1982.

[16] 'മിസ്തക്ബിരീൻ' ഒരു ഖുർആനിക ശബ്ദമാണ്. ജനങ്ങളുടെ മേൽ സ്വേഛാധിപത്യം വാഴുന്ന മർദ്ദകരാണ് ഇവിടെയുദ്ദേശ്യം. ഇതിന്റെ വിപരീതശബ്ദമായിട്ട് 'മുസ്തള്അഫീൻ' ഉപയോഗിക്കുന്നു. അർത്ഥം മർദ്ദിതർ അഥവാ ദുർബലമാക്കപ്പെട്ടവർ.